സത്യം മിനിസ്ട്രീസ്

# ജീവവചനം

അക്ഷരത്തിലൂടെ ആത്മാക്കൾ ◆ ദ്വൈവാരിക ◆

23 Years in Literature Ministry

❖ 14 ഡിസംബർ 2011 ❖ പുസ്തകം 19 ❖ ലക്കം 23 ❖ ₹ 2.00

## പത്തനംതിട്ട കൺവൻഷൻ ഡിസംബർ 18 മുതൽ

പത്തനംതിട്ടയിലും പരിസര പ്രദേശങ്ങളിലുമുള്ള ബ്രദറൺ സഭകളുടെ സംയുക്താഭിമുഖ്യത്തിൽ നടത്തപ്പെടുന്ന പത്തനംതിട്ട ബ്രദറൺ കൺവൻഷൻ ഡിസംബർ 18 മുതൽ 25 വരെ പത്തനംതിട്ട സുവിശേഷാലയത്തിൽ വെച്ച് നടത്തപ്പെടും.

സുപ്രസിദ്ധ സുവിശേഷ പ്രഭാഷകരായ ഡോ. ഒ. എം. സാമുവേൽ, വർഗീസ് കെ. കുര്യൻ, റോയി മാത്യു, ബിനു സാമുവൽ, ജോസ് മാത്യു, പി.ജി. ജെയിംസ്, ജോർജ്ജ് കോശി, എബി. കെ. ജോർജ് എന്നിവർ പ്രസംഗിക്കും.

ജോൺലി ചാൾസ്, ജോ ഇലന്തൂർ, ആലിച്ചൻ, ജോബി എന്നിവരുടെ നേതൃത്വത്തിൽ ഗാനശുശ്രൂഷയും നടത്തപ്പെടും. കൺവൻഷനോടനുബന്ധിച്ച് പരസ്യയോഗം, സണ്ടേസ്കൂൾ അദ്ധ്യാപക സമ്മേളനം, സോദരീസമാജം, പ്രാർത്ഥനായോഗം, ബാലസംഘം, വൈ.എം.ഇ.എഫ് എന്നിവയുടെ സമ്മേളനങ്ങളും നടക്കും.

25ന് രാവിലെ വിവിധ സഭകളുടെ സംയുക്ത ആരാധനയും ഉണ്ടായിരിക്കും. സുവി. ജോസ് മാത്യു മുഖ്യസന്ദേശം നൽകും. സഹോദരന്മാരായ കെ.എ. ഫിലിപ്പ്, എം.റ്റി. ജോർജ്, ഒ.റ്റി. ചെറിയാൻ എന്നിവരുടെ നേതൃത്വത്തിലുള്ള കമ്മിറ്റി ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകും.

## കെ.ജി. കുര്യൻ – ജീവചരിത്രം പ്രകാശനം കോട്ടയത്ത്

**തിരുവല്ല:** സത്യം പബ്ലിക്കേഷൻസ് പ്രസിദ്ധീകരിക്കുന്ന സുവി. കെ.ജി കുര്യൻ – ജീവചരിത്രം (ത്യാഗോജ്ജ്വലമായ വിശ്വാസ ജീവിതം) പ്രകാശനം 2012 ജനുവരി 8 ന് കോട്ടയം ദർശന കൾച്ചറൽ സെന്ററിൽ വെച്ചു നടക്കും. ഡോ. ഒ.എം. സാമുവേലിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന പ്രകാശന ചടങ്ങിൽ സുവി. എം.എം. സഖറിയാ പ്രകാശനം നിർവ്വഹിക്കും. ഡോ. സി.വി. വടവന, ഡോ. അലക്സാണ്ടർ കുര്യൻ, ബ്രദ. ജോൺ കുര്യൻ മുതലായവർ ദൈവജനത്തെ പ്രത്യേകം ക്ഷണിച്ചിട്ടുണ്ട്.

ബ്രദറൺ അസംബ്ലിയോടുള്ള കൂട്ടായ്മയിൽ 50 വർഷങ്ങൾ പ്രവർത്തിച്ച സുവി. കെ.ജി. കുര്യന്റെ ജീവചരിത്ര ഗ്രന്ഥം നമ്മുടെ ജീവിതത്തെയും സുവിശേഷ പ്രവർത്തനങ്ങളെയും പുനർവിചിന്തനം ചെയ്യുന്നതിനുള്ള നാഴിക കല്ലാണ്.

ഡോ. സി.വി. വടവന, സുവി. പി.എം. ഏബ്രഹാം, സുവി. ഇ. എസ്. റെജി എന്നിവരുടെ നേതൃത്വത്തിലുള്ള എഡിറ്റോറിയൽ ബോർഡാണ് ഈ ഗ്രന്ഥം പുറത്തിറക്കുവാൻ പ്രയത്നിച്ചത്.

## മുല്ലപ്പെരിയാർ സമരത്തിന് ബ്രദറൺ സുവിശേഷകന്മാരുടെ ഐക്യദാർഢ്യം

**കെ. ചപ്പാത്ത്:** കേരളത്തിലെ മുപ്പത്തിയഞ്ച് ലക്ഷത്തിലധികം ജനങ്ങളുടെ ജീവന് ഭീഷണിയായി ജീർണ്ണാവസ്ഥയിൽ സ്ഥിതിചെയ്യുന്ന മുല്ലപ്പെരിയാർ ഡാം പുനർനിർമ്മിക്കണമെന്ന് ആവശ്യപ്പെട്ട് ഇടുക്കിയിലെ ചപ്പാത്ത് കേന്ദ്രമാക്കി നടക്കുന്ന സമരം 1815 അധികം ദിവസം പിന്നിടുകയാണ്. ലോകമെങ്ങും സമരശബ്ദം മാറ്റൊലി കൊള്ളുന്നു. അനേക മതങ്ങളും സഭകളും, എല്ലാ രാഷ്ട്രീയ പാർട്ടികളും ഈ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു സമരപന്തലിൽ എത്തിക്കൊണ്ടിരിക്കുകയാണ്.

കഴിഞ്ഞ അഞ്ചാം തീയതിയാണ് ഹൈറേഞ്ചിലെ ബ്രദറൺ സഭാ സുവിശേഷകന്മാരുടെ സംഘം സമരപന്തൽ സന്ദർശിച്ചത്. സുവിശേഷകന്മാരെ പ്രതിനിധീകരിച്ച് സംസാരിച്ച സഹോദരൻ; ഐതിഹാസികമായ സമരത്തിന് ബ്രദറൺ സഭകളുടെ പിൻതുണ പ്രഖ്യാപിക്കുകയും, കേരളജനതയുടെ ഈ നൊമ്പരവേളയിൽ സ്വർഗ്ഗത്തിലെ ദൈവം ഈ പ്രതിസന്ധിക്ക് പരിഹാരമൊരുക്കുമെന്നും, ദൈവപുത്രനെ ലോകത്തിന് സമ്മാനിച്ച ദൈവം ഈ ക്രിസ്തുമസ് മാസത്തിൽ തന്നെ മുല്ലപ്പെരിയാർ പ്രശ്നം പരിഹരിക്കുമെന്ന് ആശംസിക്കുകയും ചെയ്തു.

## കോട്ടയം കൺവൻഷൻ സമാപിച്ചു


'ശ്രദ്ധയോടെ' വചനം ശ്രവിക്കുന്ന വിശ്വാസികൾ

കോട്ടയത്തും പരിസര പ്രദേശങ്ങളിലുമുള്ള ബ്രദറൺ സഭകളുടെ സംയുക്താഭിമുഖ്യത്തിൽ നടത്തപ്പെട്ട കോട്ടയം ബ്രദറൺ കൺവൻഷൻ സമാപിച്ചു.

ഈ വർഷം നവംബർ 28 മുതൽ ഡിസംബർ 9 വരെയാണ് കൺവൻഷൻ നടന്നത്. കർത്താവിൽ പ്രസിദ്ധരായ എം.എം. സഖറിയ, ചാണ്ടപ്പിള്ള ഫിലിപ്പ്, വർഗ്ഗീസ് കുര്യൻ, ജോസ് മാത്യു ജോൺ കുര്യൻ എന്നിവർ മുഖ്യ പ്രഭാഷകരായിരുന്നു.

അക്ഷരനഗരി എന്ന അഭിധാനം കോട്ടയത്തിന് സ്വന്തം. എന്നാൽ ആത്മീക പരിവേഷമില്ലാത്ത അക്ഷരങ്ങൾ വാളുപോലെ മനുഷ്യനെ കൊല്ലുകയേയുള്ളു. ഈ ബോദ്ധ്യതയാണ് കോട്ടയം നഗരത്തിൽ വർഷങ്ങളായി മുഴങ്ങി കേൾക്കുന്ന ആത്മാവിന്റെ ശബ്ദം.

(തുടർച്ച 10-ാം പേജിൽ)

## ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുക: ക്രൈസ്തവ സാംസ്കാരിക വേദി

**തിരുവല്ല:** മുല്ലപ്പെരിയാർ വിഷയത്തിൽ ജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുവാൻ വേണ്ട നടപടികൾ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ശ്രദ്ധിക്കണമെന്ന് ക്രൈസ്തവ സാംസ്കാരിക വേദി ആവശ്യപ്പെട്ടു.

35 ലക്ഷത്തിലധികം വരുന്ന ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുവാൻ സർക്കാരുകൾക്ക് ബാധ്യതയുണ്ട്. അതേ സമയം തന്നെ രണ്ടു സംസ്ഥാനത്തെ ജനങ്ങൾ തമ്മിലുള്ള പോർവിളിയായി വിഷയം മാറാൻ ഇടവന്നത്.

മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിച്ച് ജനങ്ങളുടെ ആശങ്ക മാറ്റണം.

മുല്ലപ്പെരിയാറിൽ സമരം നടത്തുന്ന ജനങ്ങൾക്ക് ക്രൈസ്തവ സാംസ്കാരിക വേദി സമ്മേളനത്തിൽ ഐക്യദാർഢ്യം പ്രഖ്യാപിച്ചു.

കേരള ജനതയെ മൊത്തത്തിൽ ബാധിക്കുന്ന വിഷയത്തിൽ എത്രയും വേഗം ശാശ്വത പരിഹാരം കാണണമെന്നും യോഗം ആവശ്യപ്പെട്ടു.

മനുഷ്യന്റെ മൗലികാവകാശമായ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പാക്കാൻ വേണ്ട അടിയന്തര നടപടികൾ കൈക്കൊള്ളണമെന്ന് പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു.

ക്രൈസ്തവ സാംസ്കാരിക വേദിക്കുവേണ്ടി ജനറൽ സെക്രട്ടറി ഡോ. സി.വി. വടവന, റവ. സണ്ണി ഏബ്രഹാം, അച്ചൻകുഞ്ഞ് ഇലന്തൂർ, സാംകുട്ടി ചാക്കോ, സി. പി. മോനായി എന്നിവർ പ്രസംഗിച്ചു.

### വരിസംഖ്യ അടയ്ക്കാം...

**ജീവവചനത്തിന്റെ വരിസംഖ്യ അടയ്ക്കുന്നതിനും പുതിയ വരിക്കാരായി ചേരുന്നതിനും ഉള്ള അവസരം പത്തനംതിട്ട, കുമ്പനാട് കൺവൻഷനിൽ ഉണ്ടായിരിക്കുന്നതാണ്. സഹകരണം പ്രതീക്ഷിക്കുന്നു.**

**–ചീഫ് എഡിറ്റർ**



പത്രാധിപ സമിതി

**ഡോ. സി.വി. വടവന**
(ചീഫ് എഡിറ്റർ)

**എ.വി. ജോൺ**
**ജിജോ അങ്കമാലി**
**എ.സി. ജോസഫ്**
**പി.എം. ഏബ്രഹാം**
(സബ് എഡിറ്റർ)

**ഇ.എസ്. റെജി**
(മാനേജിംഗ് എഡിറ്റർ)

**മേരിക്കുട്ടി പി.ജെ.**
(സർക്കുലേഷൻ)

**സാം സി. വടവന**
(റസിഡന്റ് എഡിറ്റർ)

വിദേശ പ്രതിനിധികൾ

**യു. എസ്. എ.**

**ന്യൂയോർക്ക്**
എ. ജോൺ ബേബി
845 352 3626

**ടെക്സാസ്**
മാത്യു തോമസ്
281-397-6923

**ഡാളസ്**
എഡ്വിൻ ജോസഫ്
972 965 0449

**മിനിസോട്ടോ**
വർഗീസ് പി. വർഗീസ്
651 686 9797

**ചിക്കാഗോ**
താരു വർഗ്ഗീസ്
630 910 4148

**ഹൂസ്റ്റൺ**
രാജൻ സി. മാത്യു
281 443 0060

**ബഹ്റിൻ**
ജെ. ഡി. പോൾ
714 431

**യു. എ. ഇ.**

**അബുദാബി**
ബിജോയ് ജോൺസ് ജോർജ്ജ്
050 – 5313382

**ഷാർജ**
സി.എം.ജേക്കബ്
050 – 6346356

**ജീവവചനം**
ഏറ്റവും പ്രചാരമുള്ള ബ്രദറൺ വാർത്താ വാരിക

**വാർഷിക വരിസംഖ്യ**
ഇൻഡ്യയിൽ **50** രൂപ
ആയുഷ്ക്കാല വരിസംഖ്യ **500** രൂപ
**USA $ 50**
മറ്റു രാജ്യങ്ങൾ **1000** രൂപ

**വിലാസം**
**ജീവവചനം**
സത്യം മിനിസ്ട്രീസ്
തോട്ടഭാഗം പി.ഒ., തിരുവല്ല - 689 541
Ph: 0469 2619209
Mob: 9447126182

**U.S.A**
Sathyam Publications Inc
P.O. Box. 1297
CORONA, CA 92878
Tel: 562 774 5673
Email: satyam_india@yahoo.com,
www.truthintl.org

## തലക്കുറി

# ധർമ്മച്യുതിയുടെ ക്രിസ്തുമസ്

**ഡോ. സി.വി. വടവന**

**യേ**ശുക്രിസ്തുവിന്റെ ജനന ദിവസമായി ഭൂരിപക്ഷം ക്രിസ്ത്യാനികളും കൊണ്ടാടുന്ന ദിവസമാണ് ഡിസംബർ 25. എന്നാൽ ക്രിസ്തു ജനിച്ചത് ആ ദിവസത്തിലാണെന്നതിന് ആർക്കും തെളിവില്ല. ക്രിസ്തുവിന്റെ ജനനദിവസം ഉത്സവമായി കൊണ്ടാടണമെന്ന് തിരുവചനത്തിൽ ആധാരമൊന്നുമില്ല. എന്നാൽ ലോകം മുഴുവൻ അവഗണിച്ച് ഒരു ശിശുവിന്റെ ജനനം ഇത്രമേൽ പ്രസക്തിയുള്ളതായി തീർന്നതിൽ നാം സന്തോഷിക്കുക തന്നെ വേണം.

അതിനു മുന്നോടിയായി ആദ്യം നടക്കേണ്ടത് ക്രിസ്തു എന്നിൽ ജനിക്കുക എന്നതാണ്. സ്വന്തം ഹൃദയത്തിൽ യേശുവിനു ജന്മം നൽകാൻ ഇടം കൊടുക്കാത്തവർ ബാഹ്യകോലാഹലങ്ങൾ സൃഷ്ടിച്ചതുകൊണ്ടു കാര്യമില്ലല്ലോ? സ്വന്തം ഭവനത്തിൽ ബേത്‌ലഹേം ഒരുക്കാൻ കഴിയാത്തവർ ക്രിസ്തുമസിന്റെ വക്താക്കളാകാൻ അർഹരല്ലല്ലോ? ഈശോ നാഥനു ജനിക്കാൻ സ്വന്തം ഹൃദയത്തിൽ ഇടം ഉണ്ടാക്കിക്കൊടുക്കുകയാണ് ഏറ്റം പ്രധാനം.

2011-ലെ ക്രിസ്തു ജയന്തി ഏറെ പ്രസക്തമാണ്. അനീതിയും അക്രമവും, അഴിമതിയും കൊടികുത്തി വാഴുന്ന നാട്ടിൽ നസ്രേത്തിലെ തച്ചന് എന്തു പ്രസക്തി? അവന്റെ ജനനത്തിന് എന്തു പ്രസക്തിയാണുള്ളത്? ദളിത് ക്രൈസ്തവരുടെ വിമോചനം, ദാരിദ്ര്യത്തിന്റെ കെടുതികൾ, സമാധാനമില്ലാത്ത കുടുംബങ്ങൾ, സമൂഹങ്ങൾ, രാജ്യങ്ങൾ എന്തിനേറെ ക്രിസ്തുവിന്റെ ജനനം സ്വാഗതം ചെയ്തവരുടെ മദ്ധ്യത്തിൽ വരെ പോർ വിളികൾ മുഴക്കുന്ന കാലഘട്ടമാണിത്. ഇതിന്റെ നടുവിൽ സത്രത്തിൽ നിന്നും ഇറക്കിവിട്ട നസ്രായ ശിശുവിന് ഇടം കൊടുക്കുകയോ? ചോദ്യം വളരെ പ്രസക്തമാണ്. ഉണ്ടുറങ്ങുന്ന ഭക്തന്മാർ പ്രോസ്പിരിറ്റി തിയോളജി ചർച്ച ചെയ്യുമ്പോൾ, ദരിദ്രർ കുമ്പിളിൽ കഞ്ഞിതേടിയലയുന്നു. ക്രിസ്തുനാഥന്റെ രണ്ടാം വരവ് എണ്ണിപ്പറയുന്ന ധീര പ്രഭാഷകൻ മക്കൾക്ക് മെഡിസിന് അഡ്മിഷൻ ലഭിക്കാൻ ദശലക്ഷങ്ങൾ കൈമറിക്കുമ്പോൾ കണ്ടു പകച്ചു നില്ക്കുന്ന പ്യൂൺ ജോലിക്കാരനു മുമ്പിൽ ക്രിസ്തു നിശ്ചലനായി നിൽക്കട്ടെ. സ്വന്തം മനസ്സാക്ഷിയെ ജാമ്യം എടുപ്പിച്ചിട്ട് സുവിശേഷീകരണം ആദായ മാർഗ്ഗമായി സ്വീകരിച്ചിരിക്കുന്ന പരമഭക്തന്മാരുടെ മദ്ധ്യത്തിൽ ക്രിസ്തു വീണ്ടും ജനിക്കട്ടെ! സുവിശേഷീകരണാങ്കണത്തിൽ മുന്നണിപ്പോരാളികൾ ബുദ്ധിമുട്ടനുഭവിക്കുമ്പോൾ കോടികൾ മുടക്കിയുള്ള കോമൺ സൗധങ്ങൾക്ക് തറക്കല്ലിടുന്നിടത്ത് ക്രിസ്തുവീണ്ടും ജനിക്കട്ടെ!



വാശിയും വൈരാഗ്യവും സ്വജനപക്ഷപാതവും വഴി അടച്ചിട്ടിരിക്കുന്ന ചില ആരാധനാലയത്തിലെങ്കിലും ക്രിസ്തു വീണ്ടും ജനിക്കട്ടെ! എന്നിൽ – നമ്മിൽ– നമ്മുടെ കുടുംബത്തിൽ – സഭയിൽ, ഈശോ നാഥനു ഇടം കൊടുക്കാൻ ക്രിസ്തുമസ് കാലയളവ് നമ്മെ സഹായിക്കട്ടെ! ക്രിസ്തുമസിന്റെ അർത്ഥം ഗ്രഹിച്ച് ജനനോത്സവം കൊണ്ടാടുവാൻ ചിലരുടെ കണ്ണു തുറപ്പിക്കുന്നതാകട്ടെ ഈ ക്രിസ്തുമസ് ദിനങ്ങൾ. അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം ഭൂമിയിൽ സന്മനസുള്ളവർക്ക് സമാധാനം. ഭൂമിയിൽ സന്മനസുള്ളവരുടെ ഉടമയായിരിപ്പാൻ ക്രിസ്തുമസ് സുദിനം നമുക്കിടവരുത്തട്ടെ.

**ചീഫ് എഡിറ്റർ**

# കത്തുകൾ... കത്തുകൾ... കത്തുകൾ...

## എരുമേലി സഭാഹാൾ

# ബി. സി. സി. എഫിന് ഒരു തുറന്ന കത്ത്

**ലോ**കമലയാളി ബ്രദറൺകാരുടെ സമസ്ത പ്രശ്നങ്ങൾക്കും പരിഹാരം വാഗ്ദാനം ചെയ്ത് ആവിർഭവിച്ചതാണല്ലോ ബി.സി.സി.എഫ്. അതിന്റെ നാവെന്നല്ല, ബ്രദറൺകാരുടെ ഏക ഔദ്യോഗിക നാവാകാൻ ശ്രമിക്കുകയാണല്ലോ ഇന്ത്യൻ ബ്രദറൺ. "ചുക്കു ചേരാത്ത കഷായമില്ല" എന്നപോലെ ഇവയിൽ രണ്ടിലും സി.റ്റി. ജോണിക്കുട്ടി ഇല്ലാത്ത കാര്യമില്ലല്ലോ. ഇതിനോടകം പല സഹോദരന്മാരും അഭിപ്രായപ്പെട്ടതുപോലെ സ്വന്തം സഭയിലും സഭയോടു ബന്ധപ്പെട്ടുമായ പ്രശ്നങ്ങൾ പരിഹരിച്ചിട്ട് ലോക ബ്രദറൺകാരുടെ പ്രശ്നങ്ങൾ പരിഹരിക്കുകയല്ലേ ഇദ്ദേഹം ചെയ്യേണ്ടത്?

'ഇതു പറയാൻ നിങ്ങൾക്ക് എന്തു കാര്യം' എന്ന് എന്നോട് ചോദിച്ചേക്കാം. പ്രിയരേ, സി.റ്റി. ജോണിക്കുട്ടി സുവിശേഷകനായുള്ള എരുമേലി ശാലേം ബ്രദറൺ സഭ ആരംഭിക്കുന്നത് ജയിംസ് തോമസ് എന്ന എന്റെ വീട്ടിലാണ്. അവിടെ സ്ഥലവും ഹാളും ഉണ്ടാക്കുവാൻ എത്ര ലക്ഷം ഞാൻ ചിലവാക്കി എന്ന് ജോണിക്കുട്ടിയോടു തന്നെ അന്വേഷിക്കുക. പിന്നെ സത്യം പറയുക എന്നത് വളരെ അപൂർവ്വമായേ അദ്ദേഹത്തിനുള്ളൂ. സഹോദരന്മാരേ, "വലങ്കൈ ചെയ്യുന്നത് ഇടംകൈ അറിയരുത്" എന്ന പ്രമാണം അറിയാത്തതല്ല യാഥാർത്ഥ്യം ദൈവജനം അറിയാൻ വേണ്ടി എഴുതിപ്പോയതാണ്. യാതൊരു പ്രതിഫലവും പറ്റാതെ 14 വർഷങ്ങളോളം ഇദ്ദേഹത്തെ എന്റെ വീട്ടിൽ പാർപ്പിച്ചു. എന്നാൽ ഇതിനെല്ലാമുള്ള പ്രത്യുപകാരം മുതലും പലിശയും സഹിതം "നന്ദി കാണിക്കുന്നതിൽ നാം പിശുക്ക് കാട്ടരുത്" എന്നു ഉപദേശിച്ച ഇദ്ദേഹം ചില വർഷങ്ങളായി എനിക്കു തന്നു കൊണ്ടിരിക്കുകയാണ്.

അവയെല്ലാം നാട്ടുകാരറിയേണ്ട ആവശ്യമില്ലെന്ന് എനിക്കറിയാം. എന്നാൽ ജോണിക്കുട്ടിയുടെ സകല അനീതിയും അറിഞ്ഞുകൊണ്ട് അദ്ദേഹത്തെ വെള്ളപൂശി പരിരക്ഷിക്കുന്ന ബി.സി.സി.എഫും 'ഇന്ത്യൻ ബ്രദറണും' കഴിഞ്ഞ 4 വർഷങ്ങളായി അടഞ്ഞുകിടന്ന സഭാഹാൾ തുറക്കുന്ന പ്രശ്നത്തിൽ ഇടപെടാത്തതെന്താണ്? ജയിംസ് തോമസ് വഴി അടച്ചു, സഭാഹാൾ പൂട്ടി, ജോണിക്കുട്ടിയെ തേജോവധം ചെയ്തു കത്തിറക്കി". എന്നിങ്ങനെ ജോണിക്കുട്ടി പറഞ്ഞ പച്ചക്കള്ളങ്ങൾ മറുഭാഗത്തുള്ളവരുടെ ന്യായങ്ങൾ അന്വേഷിക്കാതെ ഏകപക്ഷമായി പ്രതിയെ മാത്രം വിസ്തരിച്ചു വിധി പ്രഖ്യാപിച്ച ബി.സി.സി.എഫ് –ഓ ബ്രദറൺ സഭകളെ നന്നാക്കാൻ പോകുന്നത്. മറ്റെല്ലാ വിഷയങ്ങളും മാറ്റിവെച്ച് ഹാളും വഴിയും സംബന്ധിച്ചുള്ള കാര്യം മാത്രം ഇവിടെ ഒന്നു പറഞ്ഞോട്ടേ:

1. എരുമേലി ഹാളിലേയ്ക്കുള്ള വഴി ഇന്നുവരെ ആരും അടച്ചിട്ടില്ല എന്നുള്ളതാണ് സത്യം. ഇതിന്റെ പ്രമാണത്തിന്റെ പകർപ്പ് എന്റെ കൈവശം ഉണ്ട്. ആർക്കും അതു പരിശോധിക്കാം. മെയിൻ റോഡിൽ നിന്ന് സഭാഹാളിലേക്കു 1/2 മീറ്റർ വഴിയാണ് പ്രമാണത്തിലുള്ളത്. ആരും ഇന്നുവരെ അത് അടച്ചിട്ടില്ല. 'സ്റ്റിവേർഡ് അസ്സോസിയേഷൻ' പ്രതിനിധി മി.വി.വി. കുര്യാക്കോസ് വസ്തുവിന്റെ ആധാരം പരിശോധിക്കുകയും സ്പോർട്ട് സന്ദർശിച്ച് കാര്യം ബോധ്യപ്പെട്ടിട്ടുള്ളതുമാണ്. "പ്രമാണത്തിൽ കാണുന്ന വഴിയില്ലാതെ വേറെ ആരുടേയും വസ്തുവിലൂടെ വഴി ആവശ്യപ്പെടുവാൻ എസ്. എയ്ക്കു സാധ്യമല്ലെന്ന്" സെക്രട്ടറി സഹോ. തോമസ് രാജൻ വ്യക്തമാക്കുകയും ചെയ്തു.

2. ഈ സഭാഹാൾ പണികഴിപ്പിച്ച് ആരാധന തുടങ്ങി 5 വർഷങ്ങൾ കഴിഞ്ഞാണ് എരുമേലി മെയിൻ റോഡരുകിൽ 15 സെന്റു സ്ഥലം ഞാൻ എന്റെ ഭാര്യയുടെ പേരിൽ വാങ്ങുന്നത്. ഈ 5 വർഷം ഹാളിലേക്കു പോകാൻ ഉപയോഗിച്ചിരുന്ന വഴി എവിടെപ്പോയി എന്നു ജോണിക്കുട്ടി വ്യക്തമാക്കണം.

*(തുടർച്ച 11-ാം പേജിൽ)*

പഴയപുറം

# ക്രിസ്തീയ പൗരോഹിത്യം



കെ.ജി. കുര്യൻ

**മ**ൽക്കീസേദെക്കിന്റെ പൗരോഹിത്യം പരമ്പരാഗതമായി ലഭിക്കാതെ ദൈവത്തിൽ നിന്നു നേരിട്ടു ലഭിച്ചതുപോലെ യേശുക്രിസ്തു മഹാപുരോഹിതനായതു പിതാവായ ദൈവത്തിന്റെ നിയോഗത്താലാണ്; ലേവ്യ പൗരോഹിത്യത്തിന്റെ പിൻതുടർച്ചയാലല്ല (എബ്രാ. 5:4-6). ക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്തപ്പോൾ തന്റെ സ്ഥാനത്തു വേറൊരു മഹാപുരോഹിതനെ നിയമിച്ചിട്ടല്ല പോയത്, മൽക്കീസേദെക്കിന് ഒരു പിൻതുടർച്ചക്കാരനില്ലാത്തതുപോലെ മൽക്കീസേദെക്കിന്റെ ക്രമപ്രകാരം വേറൊരു പൗരോഹിത്യം സ്ഥാപിച്ചതിനാൽ നിഴലായ ലേവ്യപൗരോഹിത്യത്തിനു നീക്കം വന്നിരിക്കുന്നു (എബ്രാ. 7:12-18). മൽക്കീസേദെക്ക് അബ്രഹാമിനെ എതിരേറ്റപ്പോൾ അബ്രഹാം അവന്നു സകലത്തിലും ദശാംശം കൊടുത്തു (ഉല്പ. 14:20). ന്യായപ്രമാണത്തിൻ കീഴിൽ ദശാംശം വാങ്ങിയ ലേവിയും അബ്രഹാമിന്റെ കടിപ്രദേശത്തുണ്ടായിരുന്നതിനാൽ ലേവിയും മൽക്കീസേദെക്കിനു ദശാംശം കൊടുത്തു എന്നു പറയാമെന്നു സ്ഥാപിച്ചുകൊണ്ട്, ക്രിസ്തുവിന്റെ പൗരോഹിത്യം അഹരോന്റേതിനേക്കാൾ എത്രയോ ശ്രേഷ്ഠമാണെന്ന് എബ്രായലേഖനമെഴുത്തുകാരൻ തെളിയിക്കുന്നു. (എബ്രാ. 7:4-10). ലേവ്യനിയമത്തിൻ കീഴിലുള്ള പുരോഹിതന്മാർ മരണമുള്ളവരാകയാൽ മഹാപുരോഹിതന്മാരായി പലർ വേണ്ടിയിരുന്നു; ക്രിസ്തുവോ മൽക്കീസേദെക്കിന്റെ ക്രമപ്രകാരം എന്നേക്കും പുരോഹിതനാണ്; തന്റെ പൗരോഹിത്യം മാറാത്ത പൗരോഹിത്യമാണ് (എബ്രാ. 7:23,24). മൽക്കീസേദെക്കിന്റെ ക്രമപ്രകാരമുള്ള ക്രിസ്തുവിന്റെ പൗരോഹിത്യം, അഹരോന്റെ പൗരോഹിത്യത്തേക്കാൾ ഉയർന്നതും അതിന്റെ പൂർത്തീകരണവുമാണ്.

**മഹാപുരോഹിതന്റെ യോഗ്യതകളും ശുശ്രൂഷകളും**

ക്രിസ്തു തന്റെ ജനത്തിന്റെ മഹാപുരോഹിതനാണ്. അവർക്കായി അവൻ ജീവിക്കുന്നു. തന്നിൽ വിശ്വസിക്കുന്നവരെ സംരക്ഷിക്കാൻ അവൻ സദാ ജീവിക്കുന്നവനാണ് (എബ്രാ. 7:25). നമ്മുടെ മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതപിക്കാൻ കഴിവുള്ളവനാണ്. ക്രിസ്തു സത്യദൈവവും സാക്ഷാൽ മനുഷ്യനുമാകയാൽ മനുഷ്യജീവിതത്തിന്റെ ആവശ്യങ്ങൾ അനുഭവത്താൽ അറിയാൻ കഴിഞ്ഞിട്ടുണ്ട് (എബ്രാ. 4:15,16). മനുഷ്യരോടു കരുണകാണിപ്പാൻ കഴിയേണ്ടതിനു അവൻ മനുഷ്യനും, തന്റെ പൗരോഹിത്യവേല പവിത്രവും പരിപൂർണ്ണവുമാകേണ്ടതിന് അവൻ ദൈവവുമാണ് (എബ്രാ. 2:16-18). കർത്താവായ യേശുക്രിസ്തു ഇന്ന് മഹാപുരോഹിതനായിരിക്കുന്നു എന്നു പറയുമ്പോൾ താഴെപ്പറയുന്ന ഏഴ് കാര്യങ്ങൾ ശ്രദ്ധിക്കുക.

(1) യേശുക്രിസ്തുവിന്റെ പൗരോഹിത്യം അഹരോന്റെ പൗരോഹിത്യത്തിന്റെ പിൻതുടർച്ചയല്ല, പ്രത്യുത അതിനേക്കാൾ ശ്രേഷ്ഠവും അതിന്റെ പൊരുളായതുമാണ്.

(2) ക്രിസ്തുവിന്റെ പൗരോഹിത്യം മൽക്കീസേദെക്കിന്റെ ക്രമപ്രകാരമുള്ളതാണ്, അഹരോന്റെ ക്രമപ്രകാരമുള്ളതല്ല.

(3) ക്രിസ്തു ഭൂമിയിൽ വച്ചു ലേവ്യപൗരോഹിത്യത്തിലെ ഒരു പുരോഹിതനല്ലായിരുന്നു.

(4) ക്രിസ്തു സ്വന്തയാഗത്തിന്റെ അടിസ്ഥാനത്തിലും യോഗ്യതയിലുമാണ് മഹാപുരോഹിതനായി സ്വർഗ്ഗത്തിൽ പ്രവേശിച്ചിരിക്കുന്നത്.

(5) ക്രിസ്തുവിന്റെ പൗരോഹിത്യത്തിനു പിൻതുടച്ചയില്ല. മരണംകൊണ്ടു മുടക്കം വരാത്തതും മാറാത്തതുമായ പൗരോഹിത്യമാണ് തനിക്കുള്ളത്.

(6) ക്രിസ്തുവിന്റെ പൗരോഹിത്യശുശ്രൂഷ തന്റെ നിസ്തുല്യമായ ആളത്വത്തിന്റെ മേന്മയെ ആശ്രയിച്ചാണിരിക്കുന്നത്. അവനിൽ ദൈവത്വവും മനുഷ്യത്വവും ഒരുപോലെ ചേർന്നിരിക്കുന്നതിനാൽ അവനല്ലാതെ വേറെയാർക്കും ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ മദ്ധ്യസ്ഥനാകാൻ യോഗ്യതയില്ല.

(7) ക്രിസ്തു ലോകത്തിന്റെ മഹാപുരോഹിതനല്ല, തന്നിൽ വിശ്വസിക്കുന്ന തന്റെ ജനത്തിന്റെ മഹാപുരോഹിതനാണ്. ഇങ്ങനെയുള്ള മഹാപുരോഹിതൻ തന്നെയാണ് നമുക്കാവശ്യം (എബ്രാ. 7:26). മഹാപുരോഹിതനായ ക്രിസ്തുവിനെ നമുക്കു ശ്രദ്ധിച്ചുനോക്കാം. ❑❑❑

*(ജനുവരിയിൽ പ്രസിദ്ധീകരിക്കുന്ന കെ.ജി. കുര്യൻ ജീവചരിത്രത്തിൽനിന്നും)*

# വിവാഹമോചനം: ഒരു നവീനോപദേശം?

**സുവി. പി.എസ്. തമ്പാൻ, റാന്നി**



ചില ആഴ്ചകൾക്ക് മുൻപ് തൃശൂർ, പാലിയേക്കര ബ്രദറൺ സഭയിൽ കൂടിവന്നിരുന്ന ചില സഹോദരന്മാരുടെ ഒരു പ്രസ്താവനയും അതിലെ ഒരു വിവാദ വിഷയം സംബന്ധിച്ചുള്ള സഹോ. എം.എ. ജോയിയുടെ വിശദീകരണവും ലഭിക്കുകയുണ്ടായി. അക്ഷരാർത്ഥത്തിൽ ഞാൻ അത്ഭുതപ്പെട്ടുപോയി.

സുവി. തോമസ് മൈക്കിൾ, ഞാൻ ഏറെ സ്നേഹിക്കുന്ന ഒരു ദൈവദാസനാണ്. തന്റെ മകളുടെ വിവാഹം സംബന്ധിച്ചുണ്ടായ പ്രതിസന്ധിയിൽ തന്നോടൊപ്പം ഞാനും ദുഃഖിക്കുന്നു. ഏതു വിഷയത്തിനും ദൈവസന്നിധിയിൽ പരിഹാരമുണ്ട്. മാത്രവുമല്ല, ഏതു വിഷയത്തോടും ദൈവവചന പ്രകാരവും ആത്മീകമായും നാം പ്രതികരിക്കേണ്ടതാണ്.

അനുദിന സംഭവങ്ങളുടെ അടിസ്ഥാനത്തിൽ വേദോപദേശങ്ങൾ മാറ്റിക്കൂടാ; മാറുന്നില്ല. 'ദൈവത്തിന്റെ സ്ഥിരമായ അടിസ്ഥാനം നിലനിൽക്കുന്നു" (2 തിമൊ. 2:19). വിവാഹമോചനവും വിവാഹമോചിതരുടെ പുനർവിവാഹവും സഭാന്തരീക്ഷത്തിൽ ഭിന്നത ഉളവാക്കും എന്ന് ഏതൊരു കൊച്ചുകുട്ടിക്കും അറിയാം. സഭയുടെ ക്ഷേമവും സമാധാനവും കാംക്ഷിക്കുന്ന സുവിശേഷകന്മാർ ഇത്തരം കാര്യങ്ങൾക്ക് നിമിത്തമാകുന്നത് ദുഃഖകരമാണ്. അതിനു പ്രോത്സാഹനം നൽകുംവിധം വേദസത്യങ്ങളെ വളച്ചൊടിക്കുന്നതും ആശാസ്യമല്ല.

ദൈവവചനസത്യങ്ങളിലേയ്ക്കു നാം ഒടിഞ്ഞു മടങ്ങി ചെല്ലേണ്ടതിനു പകരം നമ്മുടെ ആശയങ്ങൾ സ്ഥാപിച്ചെടുക്കാൻ നമ്മുടെ ന്യായങ്ങളിലേയ്ക്കു വചനത്തെ വളച്ചൊടിക്കാനാണ് സഹോ. എം.എ. ജോയി വിഫല ശ്രമം നടത്തിയിട്ടുള്ളത്. "എന്തെങ്കിലും ഒരു കാരണംപറഞ്ഞ്" ഭാര്യയെ ഉപേക്ഷിക്കുവാൻ പഴുതു തേടിയ പരീശവർഗ്ഗത്തിന് ഇന്നായിരുന്നെങ്കിൽ സഹോ. എം.എ. ജോയി വക ഒരു പുതിയ പിടിവള്ളി കിട്ടിപ്പോയേനേ. എന്തായാലും അവസരം കാത്തിരുന്ന ചിലർക്കെങ്കിലും ഇദ്ദേഹത്തിന്റെ ഈ നവീനാശയം ഉപകാരപ്പെട്ടിരിക്കണം. സഹോ. എം.എ. ജോയി വിവാഹമോചനത്തിന് അനുകൂലമായി ഹാജരാക്കിയിരിക്കുന്ന ന്യായങ്ങളൊന്നും വചനാനുസൃതം നിലനിൽക്കുന്നതല്ല. വെറും സാങ്കേതികമായ ന്യായവാദങ്ങളാണവയെല്ലാം.

"യുവാവ് മാനസീകരോഗി ആയതിനാൽ പ്രതിജ്ഞ നിലനിൽക്കുന്നതല്ല" എന്ന വാദത്തിന് സഹോദരൻ തെളിവ് ഹാജരാക്കിയിട്ടില്ല. "ഈ യുവാവിനെ വിവാഹത്തിന് ആനയിച്ചത് വചനാനുസൃതമായ നടപടിയല്ല." സഹോ. എം.എ. ജോയിയുടെ വാക്കുകളാണിത്. ഈ യുവാവ് പ്രതിജ്ഞ ചെയ്തപ്പോൾ മാനസിക വിഭ്രാന്തി വല്ലതും പ്രകടമാക്കിയോ? പ്രതിജ്ഞ ചെയ്ത സമയത്ത് മാനസികരോഗം ഇല്ലായിരുന്നെങ്കിൽ ആ പ്രതിജ്ഞ നിലനിൽക്കുന്നതല്ലേ? എന്തായാലും വലിയൊരു സദസിനു മുമ്പിലാണ് ഈ പ്രതിജ്ഞ നടന്നത്. ശുശ്രൂഷകൻ പറഞ്ഞുകൊടുത്തതുപോലെ ആ പ്രതിജ്ഞ ചെയ്തെങ്കിൽ അതു നിലനിൽക്കുന്നതല്ല എന്നു പറയുവാൻ ഹൃദയങ്ങളെ പരിശോധിക്കുന്ന ദൈവത്തിനേ സാധിക്കൂ.

ഈ യുവാവിനെ വിവാഹത്തിന് ആനയിച്ചതുപോലെതന്നേ തുല്യമായ തെറ്റല്ലേ യുവതിയെ ഈ വിവാഹത്തിനാനയിച്ചവരും ചെയ്തത്? "വർഷങ്ങളായി ലഹരിമരുന്ന് ഉപയോഗിച്ചിരുന്നെന്നും അതിന്റെ മോചനത്തിനായി ഇപ്പോൾ ഒരു ഗുളിക കഴിക്കുന്നെ"ന്നും യുവാവിന്റെ പിതാവ് യുവതിയുടെ പിതാവിനോട് പറഞ്ഞല്ലോ. അങ്ങനെയൊരു യുവാവിന്റെ ശാരീരിക മാനസീകാവസ്ഥ എന്താണെന്നും ഇപ്പോൾ കഴിച്ചു കൊണ്ടിരിക്കുന്ന മരുന്ന് എന്താണെന്നും നല്ല ഡോക്ടേഴ്സിന്റെയും മനോരോഗ വിദഗ്ധരുടെയും അഭിപ്രായം അറിഞ്ഞു വേണ്ടിയിരുന്നില്ലേ ഈ യുവതിയെ വിവാഹത്തിലേയ്ക്കു ആനയിക്കാൻ? അപകടം പിണഞ്ഞു കഴിഞ്ഞ് ഇവരെയൊക്കെ സമീപിച്ചല്ലോ? ഇതു നേരത്തെ ആയിരുന്നെങ്കിലോ?

സഹോ. തോമസ് മൈക്കിൾ എന്തുകൊണ്ട് ഈ വിവാഹത്തിനു സമ്മതിച്ചു എന്നെനിക്കറിയില്ല. അദ്ദേഹത്തിന്റെ നല്ല മനസ്സിനെ ഒഴിച്ചുനിർത്തി ഞാൻ പറയട്ടെ, സുവിശേഷകന്മാരുടെയും പണക്കൊതിയും വിദേശബന്ധ പ്രേമവും വമ്പത്തരവും വരുത്തിവയ്ക്കുന്ന വിന വളരെയാണ്. തങ്ങളുടെ കുഞ്ഞുങ്ങളെ ഹോമിക്കുന്ന ഇത്തരം ഹീനകൃത്യങ്ങളിൽനിന്നു മാതാപിതാക്കൾ പിൻമാറണം. അറിഞ്ഞുവച്ചുകൊണ്ടു നിരപരാധികളെ ചതിക്കുന്നതും ഒഴിവാക്കണം. തങ്ങളുടെ കുഞ്ഞുങ്ങളുടെ നന്മ മാത്രം ലക്ഷ്യമാക്കി അവരുടെ വൈകല്യങ്ങൾ മറച്ചുവച്ച് നിരപരാധികളായ കുഞ്ഞുങ്ങളുടെ ഭാവി തകർക്കരുത്. ഇത് വിശ്വാസികൾക്ക് ചേർന്നതല്ല.

അറിഞ്ഞുകൊണ്ടുവരുത്തിവയ്ക്കുന്ന വിനകളാണു മിക്കവയും. അതിന്റെ പേരിൽ ഉപദേശസത്യങ്ങളെ കീഴ്മേൽ മറിക്കുവാനുള്ള ശ്രമം പ്രതിഷേധാർഹമാണ്.

'ചില മാനസീക പ്രശ്നങ്ങൾ വിവാഹം കഴിച്ചാൽ മാറും' എന്നു മനോരോഗ വിദഗ്ധർതന്നേ ഉപദേശിക്കാറുണ്ട്. അങ്ങനെയാണ് ഈ യുവാവിനെ വിവാഹത്തിന് ആനയിച്ചതെങ്കിലോ? സഹോ. എം.എ. ജോയി പറഞ്ഞതിന് ഒരു മറുന്യായം ഉന്നയിച്ചെന്നേയുള്ളു.

"പറ്റിച്ചേരുക" എന്ന ഒരു വാക്കിൽ പിടിച്ചായിരുന്നു സഹോ. എം. എ. ജോയിയുടെ അടുത്ത വാദം. ദൈവജനത്തിനു മദ്ധ്യേ ഇത്രയേറെ അറിയപ്പെടുകയും ദീർഘവർഷങ്ങളായി ഒരു വേദോപദേഷ്ടാവായി അംഗീകരിക്കപ്പെടുകയും ചെയ്യുന്ന സഹോ. എം.എ. ജോയിയിൽനിന്ന് പ്രതീക്ഷിക്കുന്നതല്ല ഈ വാദഗതി. തെളിവായി കാണുന്ന വചനസത്യത്തെ വിട്ട് വാക്കിൽ പിടിച്ചുള്ള ഈ ഞാണിൻമേൽ കളി ദൈവവചനത്തെ സത്യസന്ധമായി വിഭജിച്ച് പഠിപ്പിക്കുന്ന (Rightly dividing the Word of Truth, 2 തിമൊ. 2:15) ബ്രദറൺ ഉപദേഷ്ടാക്കന്മാർക്ക് ചേർന്നതല്ല.

*(തുടരും)*

# ക്രിസ്തുമസ്സ് സന്ദേശം



ജോർജ്ജ് പീറ്റർ

അഖിലാണ്ഡ മണ്ഡലം അണിയിച്ചൊരുക്കിയ അഖിലേശനന്ദൻ യേശു എന്ന് പേരിൽ മേദിനിയിൽ അവതരിച്ചതിന്റെ സ്മരണ ഉണർത്തുന്ന ഒന്നാണല്ലൊ ക്രിസ്തുമസ്സ്. ഡിസംബർ 25ന് ക്രിസ്തുമസ്സ് ലോകം മുഴുവൻ ആഘോഷിക്കുന്നതിന്റെ ചരിത്ര പശ്ചാത്തലം ക്രൈസ്തവർക്കു പോലും അറിഞ്ഞു കൂടന്നുള്ളതാണ് വാസ്തവം!

ക്രിസ്തുമസ്സ് ക്രിസ്തുവിന്റെ ജനനത്തെ സംബന്ധിക്കുന്ന ഉത്സവമല്ല. ബാബിലോന്യർ ആരാധിച്ചു വന്ന സൂര്യദേവന്റെ അവതാരത്തെ ഓർമിപ്പിക്കുന്ന ഓർമ്മപ്പെരുന്നാളാണ്. ക്രിസ്തുമസ്സിനു "യൂൾഡെ" എന്നു പറയാറുണ്ട്. "യൂൾ" എന്നാൽ കൽദയ ഭാഷയിൽ ശിശു എന്നാണ് അർത്ഥം. ക്രിസ്തുവിനു മുമ്പും ബാബിലോന്യരും മറ്റു ജാതികളും ഡിസംബർ 25 സൂര്യദേവന്റെ ജന്മനാളായി ആഘോഷിക്കാറുണ്ടായിരുന്നു. "ക്രിസ്തുമസ്സ് ട്രീ" സൂര്യദേവന്റെ അവതാരത്തിന്റെ അടയാളമായി റോമാക്കാരും, ഈജിപ്തുകാരും, ആഘോഷിച്ചുപോന്നിരുന്നു. ജാതീയമായ ഇതുപോലെയുള്ള അനേക ഉത്സവങ്ങൾ റോമൻ കത്തോലിക്കാസഭ അല്പം ചെത്തിമിനുക്കി ക്രൈസ്തവ ആചാരമാക്കി തീർത്തതിൽ ഒന്നു മാത്രമാണ് ക്രിസ്തുമസ്സും ക്രിസ്തുമസ്സ് ട്രീയും. അറിഞ്ഞൊ അറിയാതെയോ വിശ്വാസികളിൽ ചിലരെങ്കിലും ക്രിസ്തുമസ്സ് ആഘോഷങ്ങളിൽ പങ്കുചേരാറുണ്ട്. ആ തെറ്റ് ആവർത്തിക്കാതിരിക്കുവാൻ അനുവാചകരിൽ ചിലർക്കെങ്കിലും പ്രേരകമായെങ്കിൽ കൊള്ളാമായിരുന്നു. അപ്പൊസ്തലനായ പൗലൊസിന്റെ ഭാഷയിൽ പറഞ്ഞാൽ ഏതു വിധേനയും ക്രിസ്തുവിനെയല്ലൊ അവർ പ്രസംഗിക്കുന്നത് എന്നൊരു ആശ്വാസം മാത്രമാണുള്ളത്.

ക്രിസ്തുവിന്റെ ജനനത്തിനു പിന്നിൽ ഒരു സന്ദേശമുണ്ട്. "ഭയപ്പെടേണ്ട സർവ്വ ജനത്തിനും ഉണ്ടാകുവാനുള്ളോരു മഹാ സന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു. "ക്രിസ്തു എന്ന രക്ഷിതാവ് നിങ്ങൾക്കായ് ജനിച്ചിരിക്കുന്നു. അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം ഭൂമിയിൽ ദൈവപ്രസാദമുള്ളവർക്കു സമാധാനം. മനുഷ്യരെ അവരുടെ പാപങ്ങളിൽ നിന്നും രക്ഷിപ്പാൻ ഇരിക്കകൊണ്ട് അവനു യേശു എന്നു പേരിടേണം. (യേശു എന്ന പേരിന്റെ അർത്ഥം രക്ഷിതാവ് എന്നാണ്)

മദ്യപാനികൾ സ്വർഗ്ഗരാജ്യം അവകാശമാക്കുകയില്ല എന്നു ബൈബിൾ പറയുമ്പോൾ ക്രിസ്തുമസ്സ് ആഘോഷിക്കുന്ന ക്രൈസ്തവർ അനേക കോടികളുടെ മദ്യമാണ് കുടിച്ച് തീർക്കുന്നത്. ക്രിസ്തുവിനെ അപമാനിക്കുന്ന ഈ പ്രവണതയിൽ നിന്നും ക്രൈസ്തവ ലോകമേ നിങ്ങൾ പിന്മാറുമോ? പണ്ട് സാധനങ്ങൾ തൂക്കി കൊടുക്കുന്ന ഒരു ഉപകരണത്തിന്റെ പേര് വെള്ളി കോൽ എന്നായിരുന്നു. അതിൽ വെള്ളി ഇല്ലെന്നു മാത്രമല്ല പനയുടെയോ മറ്റൊ കോലായിരിക്കും. ക്രിസ്തു ഇല്ലാത്ത ക്രിസ്ത്യാനികൾ ഈ വെള്ളിക്കോലിനു സമാനമാണ്.

ക്രിസ്തു ലോകത്തിൽ വന്നത് ക്രിസ്തുമതം സ്ഥാപിക്കുവാനല്ല. കുറെ അത്ഭുതങ്ങൾ കാണിച്ച് തിരിച്ചു പോകുവാനുമല്ല. താൻ വന്നതിന്റെ ഉദ്ദേശം ബൈബിൾ വ്യക്തമായി വെളിപ്പെടുത്തുന്നു. "ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു. കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നത്. ശുശ്രൂഷ സ്വീകരിപ്പാനല്ല ശുശ്രൂഷിപ്പാനും അനേകർക്കു വേണ്ടി തന്റെ ജീവനെ മറുവിലയായ് കൊടുപ്പാനുമത്രെ താൻ വന്നത്. പാപത്തിന്റെ ശമ്പളമായ നിത്യനരകത്തിൽ നിന്നും നരവർഗ്ഗത്തെ രക്ഷിക്കുവാൻ മറ്റു മാർഗ്ഗം ഒന്നും ഇല്ലാതിരുന്നപ്പോൾ ദൈവപുത്രൻ യേശു എന്ന പേരിൽ ലോകത്തിൽ അവതരിച്ചു. ഇതുപോലെ ആരും ജനിച്ചിട്ടില്ല. ജീവിച്ചിട്ടില്ല. മരിച്ചിട്ടില്ല. മരണത്തിന്റെ ശൃംഖലയെ പൊട്ടിച്ചുയിർത്തെഴുന്നേറ്റിട്ടില്ല. പാപം അറിയാത്ത, പാപം ചെയ്യാത്ത, പാപമില്ലാത്ത, മറ്റാരും ഉണ്ടായിട്ടില്ല. ലോകത്തിന്റെ സർവ്വപാപവും ചുമന്നു ക്രൂശിലേറി രക്തം ചിന്തി മരിച്ചുയർത്തതിനാൽ സകല മനുഷ്യരുടേയും പാപങ്ങൾക്കു പരിഹാരം വന്നിരിക്കുന്നു. ഇനി പാപശാന്തിക്കു വേണ്ടി ഒന്നും ചെയ്യേണ്ടതില്ല. പാപങ്ങൾക്കു പരിഹാരം വരുത്തിയ യേശുവിനെ കർത്താവായി ഹൃദയത്തിൽ സ്വീകരിച്ചാൽ മാത്രം മതി. ക്ഷണത്തിൽ പാപമോചനവും നിത്യജീവനും യഥാർത്ഥ സമാധാനവും സന്തോഷവും പ്രത്യാശയും ലഭിക്കും. ക്രിസ്തു ഉള്ളിൽ ജന്മം കൊള്ളും അതാണ് യഥാർത്ഥ ക്രിസ്തുമസ്സ് സന്ദേശം. നിങ്ങളുടെ ഉള്ളിൽ ക്രിസ്തുവിന് ഇടം കൊടുത്തിട്ടുണ്ടോ? ഇല്ലെങ്കിൽ.... ഈ ക്രിസ്തുമസ് നാളുകളിൽ ക്രിസ്തുവിന് നിങ്ങളുടെ ഉള്ളിൽ ഇടം നൽകുക. ❑❑❑

---



പി. എം. ഏബ്രഹാം

(ചെറുപുഴ)

**യേശുവിന്റെ ഉപമകൾ - 10**

# വയലിൽ ഒളിച്ചുവച്ച നിധി

(മത്തായി 13:44)

**പു**രാതന കാലത്തു ജനങ്ങൾ തങ്ങളുടെ വിലപിടിപ്പുള്ള വസ്തുക്കൾ തങ്ങളുടെ വയലുകളിൽ ഒളിപ്പിച്ചുകൊണ്ടാണ് സുരക്ഷിതമായി സൂക്ഷിച്ചിരുന്നത്. താലന്തുകളെക്കുറിച്ചുള്ള ഉപമയിൽ (മത്താ. 25:25), ഒരു താലന്തു ലഭിച്ച ദുഷ്ടനും മടിയനുമായിരുന്ന ദാസൻ, ലഭിച്ച താലന്തു നഷ്ടപ്പെട്ടു പോകാതിരിപ്പാൻ വേണ്ടി നിലത്തു മറച്ചുവെയ്ക്കുകയാണല്ലോ ചെയ്തത്.

യുദ്ധഭീഷണിയുണ്ടാകുമ്പോൾ, തങ്ങളുടെ വിലപിടിപ്പുള്ള വസ്തുക്കൾ നിലത്തു കുഴിച്ചിട്ടിട്ടായിരിക്കും സാധാരണ പാലസ്തീൻകാർ അയൽനാടുകളിലേയ്ക്ക് പാലായനം ചെയ്തിരുന്നത്. യുദ്ധം അവസാനിക്കുമ്പോൾ മടങ്ങിവന്ന് തങ്ങളുടെ വിലയേറിയ വസ്തുക്കൾ വീണ്ടെടുക്കാം എന്ന ഉദ്ദേശ്യത്തോടെയാണിങ്ങനെ ചെയ്യുന്നത്.

കൂലിപ്പണിക്കാരൻ ആരുടെയെങ്കിലും വയലിൽ വേല ചെയ്യുന്ന അവസരത്തിലാണ് ഈ നിധി കണ്ടെടുക്കുന്നത്. നിധി മറച്ചുവച്ചിട്ട് തന്റെ സന്തോഷത്താൽ തനിക്കുള്ളതൊക്കെയും വിറ്റു ആ നിധിയിരിക്കുന്ന വയൽ വാങ്ങുന്നു. കർത്താവ് ഈ ഉപമ പറഞ്ഞപ്പോൾ ശ്രോതാക്കളായ പലസ്തീൻകാർക്ക് മനസ്സിലാക്കുവാൻ യാതൊരു പ്രയാസവും നേരിട്ടില്ല. വർത്തമാനയുഗത്തിന് (സഭായുഗം) യിസ്രായേലുമായുള്ള ബന്ധം വെളിപ്പെടുത്തുന്ന ഉപമയാണ് വയലിൽ ഒളിച്ചുവച്ച നിധിയുടേത്.

ഒളിച്ചുവച്ച നിധി ക്രിസ്തുവാണെന്നും ക്രിസ്തുവിനെ തേടുന്ന പാപിയാണ് വയൽ വാങ്ങുന്നതെന്നുമാണ് പൊതുവെയുള്ള വ്യാഖ്യാനം. ഉപമയിൽ പറഞ്ഞിരിക്കുന്ന മനുഷ്യൻ നിധികണ്ട് മറച്ചിട്ട്, തനിക്കുള്ളതൊക്കെയും വിറ്റു നിധിയടങ്ങുന്ന വയൽ വാങ്ങുന്നു. ക്രിസ്തുവിനെ നേടുവാനായി മനുഷ്യന് ഒന്നും തന്നെ വിൽക്കേണ്ടതായിട്ടില്ല. കാരണം ക്രിസ്തുവിലൂടെയുള്ള രക്ഷ യാതൊരു വിധ പ്രവൃത്തിയാലും ലഭിക്കുന്നതല്ല. രക്ഷ സൗജന്യമാണ്. ന്യായപ്രമാണത്തിൻ കീഴുള്ളവനും, ന്യായപ്രമാണം പ്രമാണിക്കുന്നവനുമായ യുവാവിനോടു കർത്താവ് ഒരിക്കൽ ഇങ്ങനെ പറയുകയുണ്ടായി. "നിനക്കുള്ളതൊക്കെയും വിറ്റു ദരിദ്രന്മാർക്കു പകുത്തുകൊടുക്കുക; പിന്നെ വന്നു എന്നെ അനുഗമിക്കുക" (ലൂക്കൊ. 18:18-22). ഇതു സുവിശേഷത്തെയല്ല ന്യായപ്രമാണത്തെ സംബന്ധിച്ചു മാത്രമുള്ളതാണ്. അതു ചെയ്യുന്നവൻ ജീവിക്കും. നിത്യജീവനും ദൈവകൃപയും ലഭ്യമാക്കുവാൻ യാതൊരു പാപിയും യാതൊന്നും വിൽക്കുവാൻ കൃപയുടെ സുവിശേഷം ആവശ്യപ്പെടുന്നില്ല. ക്രിസ്തുവിങ്കലെ വിശ്വാസത്തിലൂടെയുള്ള രക്ഷ ദൈവത്തിന്റെ ദാനവും സൗജന്യവുമാണ് (റോമ. 6:23; എഫെ. 2:8; യോഹ. 1:12). "ദാഹിക്കുന്ന ഏവനും ദ്രവ്യമില്ലാത്തവരുമായുള്ളവരെ വെള്ളത്തിനു വരുവീൻ. വന്നു വാങ്ങി തിന്നുവീൻ; നിങ്ങൾ വന്നു ദ്രവ്യവും വിലയും കൂടാതെ വീഞ്ഞും പാലും വാങ്ങിക്കൊൾവീൻ" (യെശ. 55:1).

വയലിൽ ഒളിച്ചുവച്ച നിധി, ആ നിധി കൈവശപ്പെടുത്തുവാൻ വയൽ വാങ്ങിയ മനുഷ്യൻ, ഈ രണ്ടു ചിത്രങ്ങളാണ് ഉപമയുടെ വ്യാഖ്യാനത്തിനുള്ള താക്കോൽ. കർത്താവു നേരത്തേ പറഞ്ഞ ഉപമകളിൽ വിതയ്ക്കുന്ന മനുഷ്യൻ കർത്താവു തന്നെയാണ്. അതുകൊണ്ട് കർത്താവു തന്നെയാണ് ഈ ഉപമയിലേയും മനുഷ്യനെന്ന് വ്യാഖ്യാനിക്കുന്നതായിരിക്കും ഉത്തമം.

വയലിൽ ഒളിച്ചുവച്ച നിധി എന്തിനെ പ്രതിനിധീകരിക്കുന്നു? സുവിശേഷം, യേശുക്രിസ്തു ഇങ്ങനെ വിവിധ വ്യാഖ്യാനമാണ് ഇതോടുള്ള ബന്ധത്തിലുള്ളത്. നിധി സുവിശേഷമാണെന്നും, യേശുക്രിസ്തുവാണെന്നുമുള്ള വ്യാഖ്യാനം ഒരുനിലയിലും ശരിയല്ല. നിധി യിസ്രായേലാണെന്ന് പഴയനിയമ ഭാഗങ്ങൾ ചേർത്തു പഠിക്കുമ്പോൾ വ്യക്തമാകുന്നു.

ഈ പ്രത്യേക നിധി യിസ്രായേലാണ്. യേശുക്രിസ്തു ഭൂമിയിൽ വന്നപ്പോൾ യിസ്രായേൽ മറയ്ക്കപ്പെട്ട അവസ്ഥയിലായിരുന്നു. ശലോമോന്റെ പുത്രനായ രെഹബെയാമിന്റെ കാലം മുതൽ യേശുക്രിസ്തുവിന്റെ ശുശ്രൂഷാകാലം വരെയും യിസ്രായേൽ മറയ്ക്കപ്പെട്ട സ്ഥിതിയിലായിരുന്നുവെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഈ നിധിക്കുവേണ്ടിയാണ് കർത്താവ് തന്റെ രക്തം വിലയായി കാൽവരിയിൽ ഒഴുക്കിയത്. തന്റെ സന്തോഷത്താൽ ചെന്ന് തനിക്കുള്ളതൊക്കെയും വിറ്റു വയൽ വാങ്ങിയ മനുഷ്യൻ യേശുക്രിസ്തുവാണ്. വലിയൊരു വില കൊടുത്താണ് അവൻ ലോകത്തെ വീണ്ടെടുത്തത്. രാജാവിന്റെ അസാന്നിദ്ധ്യം അനുഭവപ്പെടുന്ന ഈ മാർമ്മിക രാജ്യത്തിന്റെ സമയത്ത് യിസ്രായേൽ മറഞ്ഞിരിക്കുന്ന നിധിയാണ്. സ്വർഗ്ഗരാജ്യത്തെക്കുറിച്ചുള്ള മർമ്മങ്ങളിലൊന്നാണിത്. ❑❑❑

## സി. എച്ച്. സ്പർജൻ സംസാരിക്കുന്നു...

# താഴ്മ



നിങ്ങളെ വില കുറച്ചു കാട്ടുന്നതു താഴ്മയല്ല. ദൈവം നിങ്ങളെക്കുറിച്ചു ചിന്തിക്കുന്നതുപോലെ നിങ്ങളെക്കുറിച്ചു ചിന്തിക്കാനുള്ളതാണു താഴ്മ. നമുക്കു താലന്തുകളുണ്ടെങ്കിൽ, ദൈവം നമുക്ക് അവ തന്നതാണെന്നുള്ള തോന്നലാണു നമുക്കുണ്ടാകേണ്ടത്. ഒരു കപ്പലിലെ ചരക്കുപോലെ അതു കാണപ്പെടട്ടെ, അവ നമ്മെ കീഴോട്ടു താഴാനിടയാക്കുന്നു. കൂടുതൽ നമുക്ക് ഉള്ളിടത്തോളം നാം കൂടുതൽ താഴെ വേണം കിടക്കാൻ.

ലോകത്തിലെ ഏറ്റവും താഴ്മയുള്ളയാൾ ആർക്കു മുമ്പിലും വണങ്ങുകയില്ല. എല്ലാവരുടെയും മുന്നിൽ വണങ്ങുന്നവർ വാസ്തവത്തിൽ അഹങ്കാരികളാണ്. എന്നാൽ തങ്ങളെക്കുറിച്ചു തന്നെ എളിമയുള്ളവരെന്നു കരുതുന്നവർ തീരെക്കുറവാണ്. തങ്ങളെത്തന്നെ സേവിക്കാൻ വണങ്ങുന്നതു പാഴ്വേലയാണെന്ന് അവർ കരുതുന്നില്ല. ശദ്രക്, മേശക്, അബേദ്നെഗോ എന്നിവർ എളിമയുള്ളവരായിരുന്നു. ഒരു പാപം ചെയ്തുകൊണ്ടു രക്ഷിക്കത്തക്ക വില അവരുടെ ജീവിതങ്ങൾക്കുണ്ടെന്ന് അവർ ചിന്തിച്ചില്ല. ദാനീയേൽ എളിമയുള്ളവനായിരുന്നു. അവന്റെ സ്ഥാനം, പദവി, അവന്റെ സ്വയം മുഴുവൻ രക്ഷിക്കുന്നതിനു പ്രാർത്ഥന ഉപേക്ഷിക്കുന്നതു യോഗ്യമാണെന്ന് അവൻ കരുതിയില്ല. താഴ്മ യഥാർത്ഥമായിരിക്കണം. അത് അനുകരിക്കുന്നത് അഹങ്കാരത്തിന്റെ അടുത്തു നിൽക്കുന്നതാണ്.

നിങ്ങളിൽ ചിലർ ഇങ്ങനെ പറയാൻ തയ്യാറാകുമെന്നു ഞാൻ വിചാരിക്കുന്നു, “സാറേ, ഞാനൊന്നുമല്ല.” എന്റെ മറുപടി, “നിങ്ങളൊരു ചെറുപ്പക്കാരനായ ക്രിസ്ത്യാനിയാണ്.”

മറ്റു ചിലർ ഇങ്ങനെ പറയും, “സാറേ, ഞാൻ ഒന്നുമല്ലാത്തവനിലും കുറഞ്ഞവനാണ്.” ഞാൻ പറയും, “നിങ്ങളൊരു പ്രായം ചെന്ന ക്രിസ്ത്യാനിയാണ്.” കാരണം, പ്രായം ചെന്ന ക്രിസ്ത്യാനികളാണ് അവരുടെ മതിപ്പിൽ കുറവായിത്തീരുന്നത്.

നിങ്ങളും ഞാനും നമ്മെത്തന്നെ ഒഴിക്കുമ്പോൾ, അതിൽ ആശ്രയിക്കുക, ദൈവം നമ്മെ നിറയ്ക്കും. ദൈവകൃപ ശൂന്യത തേടി അതു നിറയ്ക്കുന്നു. താഴ്മയാൽ ഒരു ശൂന്യതയുണ്ടാക്കുക, ദൈവം തന്റെ സ്നേഹത്താൽ അതു നിറയ്ക്കും.

ദൈവത്തിന്റെ മഹാകരുണയല്ലാതെ നമ്മെ കൂടുതലായി എളിമപ്പെടുത്തുന്നതു മറ്റൊന്നുമല്ലെന്നു ഞാൻ പരിഗണിക്കുന്നു. പത്രൊസിന്റെ വള്ളത്തിൽ ഒന്നുമില്ലാതിരുന്നപ്പോൾ അതു വെള്ളത്തിൽ പൊങ്ങിക്കിടന്നു. എന്നാൽ അതിൽ മത്സ്യം നിറഞ്ഞപ്പോൾ അതു മുങ്ങാൻ തുടങ്ങി. അനർഹമായ സ്നേഹത്തിന്റെ ഒരു ബോധത്താൽ നമ്മുടെ മനസ്സുകൾ എളിമപ്പെടുന്നു.

നമ്മുടെ കർത്താവിന്റെ മുൻപിൽ വീണുകിടക്കുന്ന ഒരാത്മാവിനെ ഇതുവരെ കർത്താവു തകർത്തിട്ടില്ല, ഇനിയൊരിക്കലും തകർക്കുകയുമില്ല.

സ്വർഗ്ഗത്തിലേക്കുള്ള വഴി താഴേക്കാണ്, മുകളിലേക്കല്ല.

ഓരോ ക്രിസ്ത്യാനിക്കും, താഴ്മയായിരിക്കുന്നതും താഴ്മയായിരുന്നതും തമ്മിലൊരു തിരഞ്ഞെടുപ്പുണ്ടാകണമെന്നു ഞാൻ വിശ്വസിക്കുന്നു.

ഒരു കിടങ്ങിൽപ്പെട്ടു ഞാൻ മരിക്കണമെന്നും, വിസ്മരിക്കപ്പെടുമെന്നും, അഥവാ ആളുകൾ എന്നെ ദുഷിക്കുകയും എന്നെപ്പറ്റി അപവാദം പറയുമെന്നും ഞാൻ അറിഞ്ഞാൽ, ഞാൻ സന്തോഷിച്ച് ‘‘ഹോശന്നാ’’ എന്ന് ആർക്കും. എന്റെ കർത്താവിന്റെ സുനിശ്ചിതമായ വിജയത്തിന്റെ ദൂരക്കാഴ്ചയിലാണത്.

ഞാൻ ഇതുവരെ കേട്ടിട്ടുള്ളതിൽ വച്ച് ഏറ്റവും മികച്ച താഴ്മയുടെ ഉദാഹരണം, ‘നമ്മെക്കുറിച്ചു ശരിയായി ചിന്തിക്കുക’ എന്നതാണ്.

ചിലർ കൂടിയിരുന്ന് അവരുടെ ആത്മീയനേട്ടങ്ങൾ പ്രദർശിപ്പിക്കുകയായിരുന്നു. ഭക്തനായൊരാൾ നിശ്ശബ്ദനായിരിക്കുന്നതു ശ്രദ്ധേയമായിരുന്നു. സംസാരപ്രിയനായ ഒരാൾ അദ്ദേഹത്തോടു തിരക്കി, “നിങ്ങൾക്കു ശുദ്ധീകരണമൊന്നുമില്ലേ?” അദ്ദേഹം മറുപടി പറഞ്ഞു, “എനിക്കു പ്രശംസിക്കാൻ ഒരിക്കലും ഒന്നുമില്ലായിരുന്നു, എനിക്കൊരിക്കലും ഒന്നുമുണ്ടാകില്ലെന്നും ഞാൻ കരുതുന്നു.” കൃപയിൽ ഉയരുന്നിടത്തോളം, സ്വയം മതിപ്പിൽ താഴും.

നിങ്ങൾ തറയിൽനിന്ന് അരയിഞ്ച് ഉയരുമ്പോൾ, അരയിഞ്ചു കൂടി പൊക്കം നിങ്ങൾക്കുണ്ടാകുന്നു. നിങ്ങളുടെ സ്ഥലം ഒന്നുമില്ലാത്തതായിരിക്കും. ❑❑❑

---



# സുവിശേഷീകരണവും സ്ഥലം സഭയുടെ പങ്കാളിത്തവും

റെജി ഈട്ടിമൂട്ടിൽ

**സുവിശേഷീകരണം ആരുടെ ദൗത്യം?**

സുവിശേഷീകരണം എന്ന മഹത് ഉത്തരവാദിത്വം കർത്താവ് ഭരമേല്പ്പിച്ചത് താൻ ചങ്കിലെ ചോര ചീന്തി വീണ്ടെടുത്ത; താൻ സ്ഥാപിച്ച തന്റെ സഭയെ മാത്രമാകുന്നു. സഭ മുഖാന്തിരം ഈ സന്ദേശം ലോകത്തിൽ വിളംബരം ചെയ്യപ്പെടണമെന്ന് അവിടുന്നാഗ്രഹിക്കുന്നു. സഭയിലെ യാതൊരംഗങ്ങളും ഈ കർത്തവ്യത്തിൽ നിന്നും ഒഴിവുള്ളവരല്ല.

അപ്പൊ. 1:8-ൽ ‘എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരൂശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികളാകും.” ഈ വേദഭാഗം നമ്മുടെ പ്രമേയത്തിന്റെ ആകെത്തുകയാണ്.

യേശുകർത്താവ് തന്റെ പുനരുത്ഥാനശേഷം 40 ദിവസങ്ങളോളം ശിഷ്യന്മാർക്ക് പ്രത്യക്ഷനാകുകയും ദൈവരാജ്യം സംബന്ധിച്ച് അനേകം കാര്യങ്ങൾ ശിഷ്യന്മാരെ പഠിപ്പിക്കുകയും താൻ ജീവിച്ചിരിക്കുന്നുവെന്ന് അനേക ദൃഷ്ടാന്തങ്ങൾ നിമിത്തം തെളിയിക്കുകയും ചെയ്തു. സർവ്വസൃഷ്ടികളോടും സുവിശേഷം അറിയിക്കണമെന്നും കർത്താവ് കല്പിച്ചിരുന്നു. (മത്താ. 28:19) എന്നാൽ ആ നാളുകളിൽ ശിഷ്യന്മാരെ സുവിശേഷവുമായി കർത്താവ് അയച്ചില്ല. അതിനു ക്ലിപ്തമായ ഒരു സമയപരിധി വച്ചിരുന്നു. പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ എന്നുള്ളതാകുന്നു ആ സമയവ്യവസ്ഥ. അർത്ഥാൽ സഭാ സ്ഥാപനത്തിനുശേഷം. ഭൂമിയിൽ സഭ സ്ഥാപിതമായത് പെന്തക്കോസ്തുനാളിലാണല്ലോ. ശിഷ്യന്മാരുടെ മേൽ ആത്മാവ് അന്നാണ് വന്നത്.

അതുവരെ യഹൂദരെ ഭയപ്പെട്ട് ഒളിവിടങ്ങളിൽ പാർത്തിരുന്ന ശിഷ്യന്മാർ ധീരന്മാരായ കർമ്മസഹിതരായി രൂപപ്പെട്ടു. അങ്ങനെ സഭയിൽ കൂടെ ക്രിസ്തുവിന്റെ സന്ദേശം ലോകമാകെ മുഴങ്ങുവാൻ തുടങ്ങി. ശിഷ്യന്മാരുടെ ദൗത്യനിർവ്വഹണത്തിൽ നിന്നുണ്ടായ ഒന്നല്ല സഭ മറിച്ച് പരിശുദ്ധാത്മാവ് വന്നപ്പോൾ സഭ സ്ഥാപിതമാകുകയും ദൗത്യം സഭയുടെതാകുകയും ചെയ്തു.

പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ, വരുമ്പോൾ ‘നിങ്ങൾ എന്റെ സാക്ഷികളാകണമെന്നല്ല.’ ‘സാക്ഷികളാകും’ എന്നത്രെ കർത്താവ് പറഞ്ഞത്. പരിശുദ്ധാത്മാവ് ലഭിച്ച ഒരുവന് ഒഴിഞ്ഞുമാറാനാവാത്ത ഒന്നത്രെ സാക്ഷീകരണം. ദീപം തെളിയുമ്പോൾ വെളിച്ചമുണ്ടാകുന്നതുപോലെ ഒരുവന് പരിശുദ്ധാത്മാവ് ലഭിച്ചുവെന്നതിന്റെ ഏകവും പ്രത്യക്ഷവുമായ അടയാളം അവൻ കർത്താവിന്റെ സാക്ഷിയാകും എന്നുള്ളതാണ്.

ആദിമനൂറ്റാണ്ടിൽ പ്രാദേശികസഭകൾ കർത്താവിനെ സാക്ഷിക്കുന്നതിനായിരുന്നു നിലകൊണ്ടിരുന്നത്. സഭയിൽ കടന്നുവരുന്ന ഒരു പാപിയ്ക്ക് പാപബോധം ഉണ്ടായി കവിണ്ണുവീണ് ദൈവം നിങ്ങളുടെ നടുവിലുണ്ട് സത്യം എന്നു പറയുമായിരുന്നു. (1 കൊരി. 14:24,25) സുവിശേഷം ശക്തിയോടെ സഭയിൽ നിന്നും അടുത്ത ഗ്രാമങ്ങളിലേക്ക് മുഴങ്ങിച്ചെന്നിരുന്നു. (1 തെസ്സ. 1:5) സുവിശേഷ വ്യാപനത്തിന്റെ സ്ഫോടകാത്മക രഹസ്യം അപ്പൊ. 8-ാമദ്ധ്യായത്തിൽ ദൈവാത്മാവ് രേഖപ്പെടുത്തിയിരിക്കുന്നു. യെരൂശലേമിലെ സഭയ്ക്കുണ്ടായ ഉപദ്രവവും അനന്തര സംഭവങ്ങളുമത്രെ അവിടുത്തെ വിവക്ഷ. ചിതറിപ്പോയവർ വചനം സുവിശേഷിച്ചുംകൊണ്ട് അവിടവിടെ സഞ്ചരിച്ചു.” യെരൂശലേം സഭ എന്ന സുവിശേഷ ജ്വാലാഗ്നിയെ ശത്രു പൊളിച്ചെറിഞ്ഞപ്പോൾ അതിൽ നിന്നും ചിതറിപ്പോയ ഓരോരുത്തരും മറ്റൊരു തീജ്വാലയായി പുറപ്പെടുകയായിരുന്നു. ‘ദൈവവചനം പരന്നു’ (അപ്പൊ. 5:7) ശിഷ്യന്മാരുടെ എണ്ണം പെരുകി എന്നത് ആദിമസഭയുടെ സുവിശേഷ ദൗത്യത്തിലെ പ്രത്യക്ഷഫലമത്രെ.

“അങ്ങനെ ഇപ്പോൾ സ്വർഗ്ഗത്തിൽ വാഴ്ചകൾക്കും അധികാരങ്ങൾക്കും ദൈവത്തിന്റെ ബഹുവിധജ്ഞാനം അവൻ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിവർത്തിച്ച അനാദി നിർണ്ണയപ്രകാരം സഭമുഖാന്തിരം അറിവായി വരുന്നു.” (എഫെ. 3:10,11) സ്വർഗ്ഗത്തിലെ പോലെ ഭൂമിയിലും തിരുവുള്ളം നടക്കണം അതാണ് ദൈവത്തിന്റെ കാര്യപരിപാടി. അത് ലോകത്തിന് തെളിവായി വരുന്നത് സഭമുഖാന്തിരമാണ്. സഭ നടത്തുന്ന സുവിശേഷീകരണം ലോകത്തിന് ദൈവജ്ഞാനം ഗ്രഹിപ്പാൻ പ്രാപ്തമാണ്. സ്വർഗ്ഗീയ മാലാഖമാരും ഈ ശുശ്രൂഷയിലേക്ക് കുനിഞ്ഞു നോക്കുവാൻ ആഗ്രഹിക്കുന്നു. (1 പത്രൊ. 1:9-12).

**സുവിശേഷീകരണത്തിന്റെ തടസ്സങ്ങൾ**

ആദിമ പ്രദേശിക സഭകളുടെ സുവിശേഷപ്രവർത്തനം ശ്രദ്ധിച്ചാൽ ഇനി പറയുന്ന വസ്തുതകൾ വ്യക്തമായി കാണാം. ആധുനിക സഭകളുടെ വീഴ്ചയും ഇതുതന്നെ.

1. പരിശുദ്ധാത്മ ശക്തിയുടെ അഭാവം.

ദൈവാത്മാവിന്റെ സമ്പൂർണ്ണ നിയന്ത്രണത്തിലും നടത്തിപ്പിലും ശക്തീകരണത്തിലുമായിരുന്നു ആദ്യനൂറ്റാണ്ടിൽ സുവിശേഷയജ്ഞം നിർവ്വഹിച്ചിരുന്നത്. നിങ്ങൾ ശക്തി ലഭിച്ചിട്ട് എന്റെ സാക്ഷികളാകുമെന്നും ഉയരത്തിൽ നിന്നും ശക്തി ധരിക്കുവോളം നഗരത്തിൽ പാർപ്പിൻ എന്നുമാണ് കർത്താവ് പറഞ്ഞത്. അവർ കർത്താവിനോടു കൂടെ നടന്നുവെന്നതോ, കർത്താവിൽ നിന്നു പഠിച്ചുവെന്നതോ കർത്താവവരെ നിയോഗിച്ചുവെന്നതോ, കർത്താവിന്റെ പുനരുത്ഥാനത്തിന് അവർ സാക്ഷികളായി എന്നതോ സുവിശേഷരംഗത്തിറങ്ങുവാനുള്ള പൂർണ്ണയോഗ്യതയായിരുന്നില്ല. അവർ പരിശുദ്ധാത്മാവിനാൽ ശക്തരായി തീരണം.

ഇന്ന് സഭ പരിശുദ്ധാത്മാവിന്റെ ശക്തി നഷ്ടപ്പെടുത്തി എന്നതാണ് സുവിശേഷരംഗത്തെ മുഖ്യമായ തടസ്സം. തന്റെ ശക്തി നഷ്ടപ്പെട്ടതറിയാതെ ഫെലിസ്ത്യരോട് ഏറ്റുമുട്ടുന്ന ശിംശോൻ എന്നപോലെ; ഫലമോ ശിംശോൻ ഫെലിസ്ത്യർക്ക് കൂത്തുകാഴ്ചയാകുന്നു. *(തുടരും)*

# ജസ്റ്റിൻസ് ഹോം (SRIDC)

### ലോകബുദ്ധിമാന്ദ്യ ദിനം - ഡിസംബർ 8 - മേരിക്കുട്ടി വടവന



*പണി പൂർത്തിയാകുന്ന ജസ്റ്റിൻസ് ഹോം*

കറുത്തവരോ, വെളുത്തവരോ, ഇരുനിറത്തിലുള്ളവരോ ഉയർന്നവരോ താഴ്ന്നവരോ ഭേദമില്ലാതെ എല്ലാ കുഞ്ഞുങ്ങളും ദൈവത്തിന്റെ ദാനമാണ്. ഈ കുഞ്ഞുങ്ങളെ ദൈവം നമുക്കു നൽകിയിരിക്കുന്നതു അവരെ സ്നേഹിക്കുവാനും, പോറ്റുവാനും, ദൈവഭയത്തിൽ വളർത്തുവാനുമാണ്. തങ്ങളുടെ കുഞ്ഞുങ്ങൾ വളർന്ന് സമൂഹത്തിൽ ബഹുമാനമർഹിക്കുന്ന വ്യക്തിത്വത്തിനുടമകളായിത്തീരണം എന്ന് എല്ലാ മാതാപിതാക്കളും ആഗ്രഹിക്കുന്നു. നിങ്ങൾ വളരെയധികം ആഗ്രഹിച്ചു, മാസങ്ങളോളം സ്വപ്നം കണ്ട് പിറന്നു വീണ കുഞ്ഞ്, ആഗ്രഹിച്ചതു പോലെ ആരോഗ്യവാനാകാതെ മാനസിക വൈകല്യമുള്ളവനായാൽ നിങ്ങളുടെ പ്രതികരണം എന്തായിരിക്കും? നിങ്ങൾ മകനുവേണ്ടി അല്ലെങ്കിൽ മകൾക്കുവേണ്ടി പണിതുയർത്തിയ സ്വപ്നകൊട്ടാരം തകർന്നു വീഴുമോ? ഞങ്ങൾക്ക് പിറന്നു വീണ കുഞ്ഞ് മാനസിക വൈകല്യമുള്ളവനാണെന്ന് ഡോക്ടർ ഞങ്ങളോട് അറിയിച്ചപ്പോൾ അതേ അനുഭവമാണു ഞങ്ങൾക്കുണ്ടായത്.


*ജസ്റ്റിൻ മാതാപിതാക്കളോടും സഹോദരങ്ങളോടുമൊപ്പം*

ഞങ്ങളുടെ രണ്ടാമത്തെ മകൻ ജെസ്റ്റിൻ ജനിച്ചു ആദ്യകാഴ്ചയിൽ തന്നെ കുഞ്ഞിന് എന്തോ പ്രശ്നമുള്ളതായി അനുഭവപ്പെട്ടു. ദൈവം അവനെ ഞങ്ങൾക്ക് ദാനമായി തന്നതാണെന്നും, അവനെ നല്ലവണ്ണം പരിചരിക്കേണ്ടത് ആവശ്യമാണെന്നും മനസ്സിലായി.

ഞങ്ങൾ കുഞ്ഞിനെ പല ആശുപത്രികളിലും മാറി മാറി ചികിത്സിച്ചു. ബുദ്ധിവളർച്ച കുറവാണെന്നായിരുന്നു ചികിത്സാ റിപ്പോർട്ട്. ജസ്റ്റിനെ റഗുലർ സ്കൂളിൽ വിടരുതെന്ന് ഡോക്ടർമാരാരും നിർദ്ദേശിച്ചില്ല. അവന് നാലു വയസ് പ്രായമുള്ളപ്പോൾ സ്കൂളിൽ ചേർത്തു. എന്നാൽ അവൻ ക്ലാസ്സിൽ ശ്രദ്ധിക്കാതിരിക്കുന്നതിനെയും, സ്വഭാവ വൈകല്യത്തെയും കുറിച്ച് ധാരാളം പരാതികൾ അദ്ധ്യാപകരിൽ നിന്നും ലഭിച്ചു. അദ്ധ്യാപകരിൽ നിന്നും, കുട്ടികളിൽ നിന്നും പരാതികൾ ലഭിച്ചതു മൂലം അവന്റെ സ്കൂൾ പഠനം അവസാനിപ്പിക്കുവാൻ ഞങ്ങൾ നിർബന്ധിതരായി.

അങ്ങനെയിരിക്കെ, മാനസിക വൈകല്യമുള്ള കുട്ടികൾക്കായി ഒരു സ്ഥാപനം അന്വേഷിച്ചു. സ്കൂൾ അകലെയായതിനാൽ ജസ്റ്റിൻ ബോർഡിങ്ങിൽ താമസിച്ച് പഠിക്കണമായിരുന്നു. മടക്കയാത്രയിൽ ഈ കാര്യം ഞങ്ങൾ അവനോടു അവതരിപ്പിച്ചു. തന്നെ മാതാപിതാക്കളിൽ നിന്നും അകറ്റുന്നു എന്നു മനസ്സിലാക്കിയ ജസ്റ്റിൻ രാത്രി മുഴുവനും ഉറങ്ങാതെ അസ്വസ്ഥനായി കാണപ്പെട്ടു. അവന്റെ അസ്വസ്ഥത മനസ്സിലാക്കിയ ഞങ്ങൾ അവനെ ബോർഡിംഗിൽ വിടുന്നത് താത്ക്കാലികമായി ഉപേക്ഷിച്ചു.


*സന്തോഷത്തിൽ ടീച്ചേഴ്സും കുട്ടികളും*

ജസ്റ്റിന്റെ ബുദ്ധിയിലുള്ള വളർച്ചക്കുറവും, അവന്റെ സ്വഭാവവൈകല്യങ്ങളും കാരണം 12 വയസ്സിനുള്ളിൽ അവൻ അഞ്ചു സ്കൂളുകൾ മാറി മാറി പഠിക്കേണ്ടി വന്നു. സ്കൂളുകൾ മാറി മാറി പഠിക്കേണ്ടി വന്നത് അവനെ വേണ്ടവണ്ണം അടക്കിയിരുത്തുവാൻ അദ്ധ്യാപകർക്ക് പ്രയാസം അനുഭവപ്പെട്ടതുകൊണ്ടാണ്. അത് ഞങ്ങളെ ദിനം തോറും വിഷമിപ്പിച്ചുകൊണ്ടിരുന്നു. വെല്ലൂർ സി. എം. സി യിൽ ഡോ. എം. സി. മാത്യുവിനെ കൺസൾട്ട് ചെയ്തപ്പോൾ അവനെ ഒരു സ്പെഷ്യൽ സ്കൂളിൽ വിടേണ്ടതിന്റെ ആവശ്യം അവിടെ വച്ചാണ് ഞങ്ങൾക്ക് ബോധ്യപ്പെട്ടത്. അങ്ങനെ ആയിടെ ആരംഭിച്ച ഞങ്ങളുടെ വീടിന് അടുത്തുള്ള ഒരു സ്പെഷ്യൽ സ്ക്കൂളിൽ വിടുവാൻ ഇടയായി. ഇതിനിടെ ഞങ്ങളെപ്പോലെ വിഷമിക്കുന്ന വളരെ മാതാപിതാക്കളെ കണ്ടുമുട്ടുവാനും അവരുടെ പ്രയാസങ്ങൾ പങ്കുവെയ്ക്കുവാനും കഴിഞ്ഞതിന്റെ ഫലമായി ഈ ഫീൽഡിൽ ബുദ്ധിമുട്ടുന്നവരെ സഹായിക്കുവാൻ ഒരു സ്കൂൾ ആരംഭിക്കണമെന്ന ആഗ്രഹം 2005-ൽ സഫലമായി. എന്നാൽ ആദ്യ സമയങ്ങളിൽ വാടകക്കെട്ടിടത്തിലായിരുന്നു സ്ക്കൂൾ പ്രവർത്തിച്ചുകൊണ്ടിരുന്നത്. പിന്നീട് നാലു വർഷമായി സ്വന്തമായ സ്ഥലത്ത് സ്ക്കൂൾ പ്രവർത്തിപ്പാനും, ഇപ്പോൾ അത് ഒരു റെസിഡെൻഷ്യൽ സ്ക്കൂളായി നടത്തിക്കൊണ്ടുപോകുവാനും ഇടയായിക്കൊണ്ടിരിക്കുന്നു.

ബുദ്ധി വൈകല്യമുള്ള ഒരു കുട്ടിയെ വളർത്തുന്നതിന്റെ പ്രായോഗിക അനുഭവങ്ങൾ ഉള്ള സി.വി. വടവനയും, മേരിക്കുട്ടിയും മാനസിക വൈകല്യങ്ങളുള്ള കുട്ടികളുടെ മാതാപിതാക്കളുമായി സംസാരിച്ചതിന്റെ ഫലമായി **സത്യം റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് ഡിസബലിറ്റി സെന്റർ** (SRIDC) എന്ന സ്ഥാപനം ആരംഭിച്ചു. ജസ്റ്റിന്റെ ജീവിതത്തോടുള്ള ബന്ധത്തിൽ മാനസിക വൈകല്യമുള്ളവർക്കുവേണ്ടി സ്ഥാപനം പ്രവൃത്തിക്കുവാൻ ആഗ്രഹിച്ചതുകൊണ്ട് 'ജസ്റ്റിൻസ് ഹോം' (Justin's Home) എന്ന പേര് നല്കി.


*കുട്ടികൾ പ്ലേഗ്രൗണ്ടിൽ*

ഇവിടെ വൈകല്യമുള്ളവർക്ക് പ്രാഥമിക വിദ്യാഭ്യാസം നൽകുകയും, അവരിലുള്ള കഴിവുകളെയും, താലന്തുകളെയും കണ്ടെത്തി വികസിപ്പിക്കുകയും ചെയ്യുന്നു. കഴിയുംവിധം തൊഴിലധിഷ്ഠിത പരിശീലനങ്ങളും നല്കി വരുന്നു. മാനസിക വൈകല്യമുള്ളവർക്കുവേണ്ടി സത്യനികേതൻ സ്പെഷ്യൽ സ്കൂൾ SRIDCയുടെ കീഴിൽ പ്രവൃത്തിക്കുന്നു. വിദേശ രാജ്യങ്ങളിൽ നിന്നുള്ള അദ്ധ്യാപകരും, ഈ മേഘലയിൽ പരിചയസമ്പന്നരും അദ്ധ്യാപകർക്കും, മാതാപിതാക്കൾക്കും, കുഞ്ഞുങ്ങൾക്കും വേണ്ടി സെമിനാറുകൾ സംഘടിപ്പിക്കുന്നത് SRIDCയുടെ പ്രത്യേകതയാണ്.

5 വയസിനും 30 വയസിനും ഇടയിലുള്ള 30 അംഗങ്ങൾ SRIDCയിൽ ഇപ്പോഴുണ്ട്. ഇവരിൽ ഭൂരിഭാഗവും SRIDCയിൽ താമസിക്കുന്നവരാണ്. സ്പീച്ച് തെറാപിസ്റ്റിന്റെയും, ഫിസിയോതെറാപിസ്റ്റിന്റെയും സേവനം ലഭ്യമാണ്. ഓരോ വ്യക്തിയുടെയും വൈകല്യത്തിന്റെ തോതിനെ അടിസ്ഥാനമാക്കി സ്പീച്ച് തെറാപിയും, ഫിസിയോതെറാപ്പിയും, സവിശേഷ വിദ്യാഭ്യാസവും നല്കി വരുന്നു. ഇങ്ങനെയുള്ള തെറാപ്പികൾ പ്രയോജനകരമല്ലാത്തവർക്ക് ജീവിതത്തിലെ അടിസ്ഥാന കഴിവുകളെ വികസിപ്പിക്കുവാനുള്ള പരിശീലനം നൽകുന്നു. ഈ കുട്ടികളെല്ലാം വിവിധ കുടുംബ പശ്ചാത്തലങ്ങളിൽ നിന്നുള്ളവരാണ്. ഇവരിൽ ചിലർക്ക് കുടുംബത്തിൽ നിന്നുള്ള സ്നേഹം ലഭിക്കുമ്പോൾ മറ്റു ചിലർ വേണ്ടപ്പെട്ടവരാൽ അവഗണിക്കപ്പെട്ടവരാണ്. ഓരോ കുട്ടികൾക്കും വിവിധ തരത്തിലുള്ള സ്വഭാവ രീതികളാണ്. ഓരോരുത്തരുടെയും ആവശ്യാനുസരണം സഹായിക്കുവാൻ സ്റ്റാഫ് സന്നദ്ധരാണ്. *(തുടർച്ച 10-ാം പേജിൽ)*

ഗത്സമന തോട്ടവും, ഒലിവുമലയും
ഗോൽഗോഥായും കാണുമ്പോൾ...
ബൈബിൾ സംഭവങ്ങൾ കെട്ടുകഥകളല്ല...
നൂറുനൂറു ചരിത്ര സ്മാരക കാഴ്ചകൾ
കാണാൻ അവസരം!

**എല്ലാ മാസവും ടൂറുകൾ**

## ജോർദ്ദാൻ > പാലസ്തീൻ > ഇസ്രയേൽ > ഈജിപ്ത് > സീനായ്

**മരുപ്പച്ച ചീഫ് എഡിറ്റർ അച്ചൻകുഞ്ഞ് ഇലന്തൂർ നേതൃത്വം നല്കുന്നു.**

▸▸ **ഗൾഫ്, അമേരിക്ക, ഇംഗ്ലണ്ട് തുടങ്ങിയ രാജ്യങ്ങളിൽ നിന്നും നേരിട്ടു ടൂറുകൾ.**




"അവൻ ഉയിർത്തെഴുന്നേറ്റു; അവൻ ഇവിടെ ഇല്ല; അവനെ വച്ച സ്ഥലം ഇതാ"
**യെരുശലേമിൽ യേശുവിനെ അടക്കം ചെയ്ത കല്ലറയ്ക്ക് സമീപം അച്ചൻകുഞ്ഞ് ഇലന്തൂർ**



**MARUPPACHA**
Phone: **0469-2634321**
Mob: **9847166994**

Website
**www.maruppachapathram.com**
E-mail
**maruppacha@yahoo.com**

# യെരുശലേമിലേക്ക്

▸▸ **സഭകൾക്കും മിഷൻ സംഘടനകൾക്കും വേണ്ടി പ്രത്യേകം പാക്കേജുകൾ!**

## സന്ദർശിക്കുന്ന പ്രധാന സ്ഥലങ്ങൾ

### ഈജിപ്ത്

ഈജിപ്ഷ്യൻ മ്യൂസിയം, പിരമിഡുകൾ, സ്ഫിങ്ക്സ്, ആദ്യ നൂറ്റാണ്ടുകളിലെ ആരാധനാലയങ്ങൾ, നൈൽ നദിയിലൂടെ ബോട്ട് യാത്ര, സൂയസ് കനാൽ തീരത്തു കൂടി യാത്ര, മുൾപ്പടർപ്പ് സീനായ്മല, പത്തു കല്പനകൾ ലഭിച്ച സ്ഥലം.

### യിസ്രായേൽ – പാലസ്തീൻ

യെരൂശലേം നഗരം, ഒലീവ് മല, കർത്താവു പ്രാർത്ഥന പഠിപ്പിച്ച സ്ഥലം, ഓശാന വീഥി, ഗദ്സമനെ തോട്ടം, യേശു മുട്ടുകുത്തി പ്രാർത്ഥിച്ച പാറ. രണ്ടായിരം വർഷത്തിൽപരം പഴക്കമുള്ള ഒലിവ് വൃക്ഷങ്ങളും, **ബേത്‌ലഹേം** യേശുവിന്റെ ജന്മസ്ഥലം, ആട്ടിടയന്മാർക്ക് ദൂതന്മാർ പ്രത്യക്ഷമായ സ്ഥലം, യോഹന്നാൻ സ്നാപകന്റെ ജന്മസ്ഥലം,



### ഗോൽഗോഥാ,യെരിക്കോ, ബഥനി

ബേദ്സെയ്ദാകുളം, ദാവീദ് രാജാവിന്റെ ശവകുടീരം, പരീക്ഷാമല, സക്കായി കർത്താവിനെ കാണാൻ കയറിയ അത്തിവൃക്ഷം, മർക്കോസിന്റെ മാളികമുറി, ബെഥെനിയിൽ മറിയയുടെയും മാർത്തയുടെയും ഭവനം, ലാസറിനെ ഉയിർപ്പിച്ച കല്ലറ, **ചാവുകടൽ**, യേശു കുരിശും ചുമന്നു പോയ വഴി, പീലാത്തോസ് വിധിപ്രസ്താവിച്ച മന്ദിരം, മുൾക്കിരീടം ചൂടിയയിടം, കുരിശിന്റെ വഴിയിലെ പതിന്നാല് സ്ഥലങ്ങൾ, യേശുവിനെ കുരിശിൽ തറച്ച സ്ഥലം, തലയോടിടം, *കർത്താവിനെ അടക്കിയ കല്ലറതോട്ടത്തിൽ ആരാധന*, കർത്താവു യിർത്തെഴുന്നേറ്റ കല്ലറ.

### സിയോൻ, നസ്രത്ത്, കാന, യോർദ്ദാൻ നദി

ഗബ്രിയേൽ ദൂതൻ മറിയയ്ക്കു പ്രത്യക്ഷപ്പെട്ട സ്ഥലം, യോസഫിന്റെയും മറിയയുടെയും ഭവനം, യോസഫിന്റെ പണിശാല, യേശു ബാല്യകാലം ചിലവിട്ട സ്ഥലങ്ങൾ.

പച്ചവെള്ളത്തെ വീഞ്ഞാക്കിയ കാനായിലെ കല്യാണവീട്, താബോർ മല, യേശു സ്നാനമേറ്റ യോർദ്ദാൻ നദി.

### ഗലീല തടാകത്തിൽ ബോട്ടുയാത്ര

പരസ്യ ശുശ്രൂഷ ആരംഭിച്ച കഫർന്നഹൂം, ഗിരിപ്രഭാഷണമല, യേശു വെള്ളത്തിനു മീതെ നടന്ന ഗലീല തടാകത്തിലൂടെ ബോട്ടുയാത്ര.

### ജോർദ്ദാൻ – നെബോ പർവ്വതം

മോശെ അവസാനമായി വാഗ്ദത്ത നാട് ദർശിച്ച നെബോ പർവ്വതം.

### പ്രത്യേകതകൾ...

▸▸ സ്റ്റാർ ഹോട്ടലുകളിൽ താമസം ▸▸ മൂന്നുനേരവും വിഭവസമൃദ്ധമായ ഭക്ഷണം ▸▸ മികച്ചയാത്രാ സൗകര്യങ്ങൾ ▸▸ ഷോപ്പിംഗ് അവസരങ്ങൾ ▸▸ ആത്മീയ ചിന്തകൾ ഉണർത്തുന്ന പഠനങ്ങളും ആരാധനയും ▸▸ പ്രഗത്ഭരായ ഗൈഡുകളുടെ സേവനം.



**ഇനി ഒത്തുചേരലുകൾ**
**യെരുശലേമിൽ**

- ▸▸ കുടുംബസംഗമം. ▸▸ ബോർഡ് മീറ്റിംഗ്.
- ▸▸ ലീഡേഴ്സ് കോൺഫറൻസ്. ▸▸ ആത്മീയ സംഗമം.
- ▸▸ ബൈബിൾ നാടുകളിലൂടെ പഠനയാത്ര.
- ▸▸ മികച്ച ഹോട്ടലുകളിൽ കോൺഫ്രൻസ് ക്രമീകരണങ്ങൾ ചെയ്യുന്നു.
- ▸▸ സമ്മേളനങ്ങൾക്ക് പ്രത്യേകം ഗ്രൂപ്പ് പാക്കേജുകൾ.

**നിങ്ങൾ പറയുന്ന തീയതികളിൽ യാത്രക്രമീകരണങ്ങൾ ചെയ്യുന്നു.**

# ബ്രദറൺ സഭാ വാർത്തകൾ

## ക്രിസ്ത്യൻ ബ്രദറൺ അസംബ്ലി

ദാമൻ ക്രിസ്ത്യൻ ബ്രദറൺ അസംബ്ലിയിലെ സഹോദരങ്ങൾ അറിയിക്കുന്ന അഭ്യർത്ഥന. ദൈവകൃപയാൽ ഇവിടെയുള്ള പ്രവർത്തനം അനുഗ്രഹകരമായി നടക്കുന്നു. ഇവിടെ ആരാധന നടത്തുവാൻ ഒരു ഭവനം വാങ്ങിക്കുവാൻ ഉള്ള ശ്രമം നടന്നു എങ്കിലും സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ട് സാധ്യമായില്ല. 6 സെന്റ് സ്ഥലം വാങ്ങുവാൻ ഇടയായി അവിടെ ഒരു സഭാഹാൾ ഉണ്ടാകേണ്ടത് അത്യാവശ്യമായി വന്നിരിക്കുകയാണ്. 20"+35" അളവിലുള്ള

### സ്ഥലം സഭ

ആരാധനാലയം പണിയുവാൻ ഏകദേശം 10 ലക്ഷത്തിലധികം രൂപ ആവശ്യമാണ്. സഭയായി 3 ലക്ഷം രൂപ പിരിച്ചിട്ടുണ്ട്. ദൈവവേലയെ സ്നേഹിക്കുന്ന ദൈവമക്കൾ ഈ വിഷയത്തിനായി പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യുമല്ലോ. ഈ ആവശ്യത്തിലേക്കായി സഭയ്ക്കുവേണ്ടി ഒരു അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്.

Christian Brethren Assembly, Daman
SB A/c No: 045610005618
DENA BANK, DAMAN
IFSE CODE - BKDN 0240456

## എസ്.ബി.എസ്. പ്രയർ

സുവിശേഷകൻ ബാലസംഘം ജനറൽ കമ്മിറ്റിയുടെ ചുമതലയിൽ പ്രാർത്ഥനാ കൂടിവരവ് ഡിസംബർ 16-വെള്ളി 6 pm ന് വടശ്ശേരിക്കരയിൽ കല്ലോത്ത് റിവർവ്യൂ സഹോദരൻ രാജു കെ. തോമസിന്റെ ഭവനത്തിൽ വച്ച് നടക്കും. എല്ലാ എസ്.ബി.എസ്. പ്രാർത്ഥനാ സഹകാരികളെയും ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നു. സുവി. സി.എം. സാബു ജനറൽ കോ-ഓർഡിനേറ്ററായി പ്രവർത്തിക്കുന്നു.

## ഏകദിന സമ്മേളനം

കുണ്ടറ ബ്രദറൺ സഭയുടെ ആഭിമുഖ്യത്തിൽ ഏകദിന സമ്മേളനം ഡിസംബർ 30, വെള്ളി രാവിലെ 10മണി മുതൽ വൈകിട്ട് 4 മണിവരെ കുണ്ടറ ആറുമുറിക്കടയിലുള്ള വൈ.എം.സി.എ. ഓഡിറ്റോറിയത്തിൽ വെച്ച് നടക്കും. ബ്രദർ ബിനു ശമുവേൽ, കടമ്മനിട്ട, ബ്രദർ. സി.എം. ജോൺ, കുണ്ടറ എന്നിവർ നേതൃത്വം നൽകും.

യുവജനങ്ങളും വെല്ലുവിളികളും, വേദപുസ്തകം ധ്യാനിക്കുന്ന വിധം എന്നീ വിഷയങ്ങളെ ആസ്പദമാക്കി വചന ശുശ്രൂഷ നടത്തപ്പെടും. കുണ്ടറ ബ്രദറൺ സഭയുടെ ക്വയർ സംഗീത ശുശ്രൂഷ നിർവഹിക്കും. വേദവിജ്ഞാന മത്സരങ്ങൾ സമ്മേളനത്തോടനുബന്ധിച്ചു നടക്കും.

## സുവിശേഷ പ്രവർത്തനം

**തൃശ്ശൂർ:** കൊടകരസഭയുടെയും തൃശ്ശൂർ ഗോസ്പൽ ആന്റ് ചാരിറ്റബിൾ ട്രസ്റ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ സുവിശേഷ പ്രവർത്തനം നവംബർ 26ന് ഇഞ്ചക്കുണ്ടു മുതൽ കൊടകര സെന്റർ വരെ തിരഞ്ഞെടുത്ത 8 സ്ഥലങ്ങളിൽ നടത്തി. സുവി. കെ. സി. സൈമണിന്റെ നേതൃത്വത്തിൽ 12 സഹോദരന്മാർ പങ്കെടുത്തു. പുതിയനിയമപ്രതികളും ട്രാക്റ്റുകളും വിതരണം ചെയ്തു.

## സുവിശേഷകരുടെ കൂടിവരവ് സമാപിച്ചു

**മാട്ടുക്കട:** ഹൈറേഞ്ചിലെ സുവിശേഷകന്മാർ രണ്ടുമാസത്തിൽ ഒരിക്കൽ നടത്തിവരുന്ന പ്രാർത്ഥനാ കൂടിവരവ് ഡിസംബർ 5-ാം തീയതി തിങ്കളാഴ്ച മാട്ടുക്കട്ട ബ്രദറൺ സഭാഹാളിൽ വച്ച് നടത്തപ്പെട്ടു. സാക്ഷ്യങ്ങൾ, വചനധ്യാനം, പ്രാർത്ഥന എന്നിവയാണ് മുഖ്യ ശുശ്രൂഷകൾ. സുവിശേഷകന്മാർ ഒന്നിച്ചുകൂടി സ്തോത്രം ചെയ്യുന്നതിനും, അനേകം വിഷയങ്ങൾ ഓർത്തു പ്രാർത്ഥിക്കുന്നതിനും, പ്രവർത്തന വിശേഷങ്ങൾ പരസ്പരം പങ്കുവയ്ക്കുന്നതിനും ഏറെ സഹായകരമാണീ കൂടിവരവ്.

## സുവിശേഷകനെ പരിചയപ്പെടുക

കണ്ണൂർ ജില്ലയിലെ പെരുമ്പടവ് സഭയിൽ നിന്നും കർത്താവിന്റെ വേലയ്ക്കായി വേർതിരിഞ്ഞ സഹോദരൻ വർഗ്ഗീസ് പി.ഡി, ഈ പ്രദേശങ്ങളിൽ ചില നാളുകൾ സുവിശേഷപ്രവർത്തനവേല ചെയ്ത് ഇപ്പോൾ ഇടുക്കി ജില്ലയിൽ വേല ചെയ്യുകയും ദൈവകൃപയാൽ ഇപ്പോൾ മുരിക്കാശ്ശേരിയിൽ വാടകവീട്ടിൽ താമസിച്ച് വേല ചെയ്ത് വരികയുമാണ്. ദൈവകൃപയാൽ 2011 ജനുവരിയിൽ തന്റെ ഭവനത്തിൽ ഒരു കൂടിവരവ് തുടങ്ങുവാൻ കർത്താവ് ഇടയാക്കി. സഹോദരന് ഭാര്യയും മൂന്നു പെൺകുട്ടികളുമാണുള്ളത്. സഭയെയും സഹോദരനെയും കുടുംബമായും അവിടെയുള്ള പ്രവർത്തനങ്ങളെയും ദൈവജനം പ്രാർത്ഥനയിൽ ഓർക്കണമെന്ന് അപേക്ഷിക്കുന്നു.

എന്ന് സഭയ്ക്കുവേണ്ടി സഹോദരന്മാർ,

(1) പി.വി. ജോസ്, (2) വി.റ്റി. ചാക്കോ, (3) എം.എഫ്. സണ്ണി


സഹോദരന്റെ വിലാസം.

സുവി. പി.ഡി. വർഗ്ഗീസ്
ഗോസ്പൽ സെന്റർ
മുരിക്കാശ്ശേരി പി.ഒ.
മുരിക്കാശ്ശേരി
ഇടുക്കി - 685604
ഫോൺ: 9495601667

## നിര്യാതരായി



**പത്തനാപുരം:** പ്രശസ്ത ബൈബിൾ വ്യാഖ്യാതാവും വേദപണ്ഡിതനുമായ ഡാനിയേൽ കുഞ്ഞുമ്മൻ (എ.കെ. ഡാനിയേൽ) അമേരിക്കയിൽ വച്ച് കർത്താവിൽ നിദ്ര പ്രാപിച്ചു. മക്കൾ ബാബു കുഞ്ഞുമോൻ (യു.എസ്.എ), രാജു കുഞ്ഞുമ്മൻ (യു.എസ്.എ), ഡോ. ബിജു കുഞ്ഞുമ്മൻ, (യു.എസ്.എ), ലൂസി, ലിസി, ലീല. സംസ്കാരം ഡിസംബർ 17 രാവിലെ 10 മണിക്ക് മിനയാപൊളിസിൽ വച്ച് നടത്തപ്പെടുന്നതാണ്. ദു:ഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങൾക്കുവേണ്ടി ദൈവജനം പ്രാർത്ഥിക്കുക.




**മല്ലപ്പള്ളി:** പവ്വത്തിക്കുന്നേൽ ചേറ്റുതടത്തിങ്കൽ മാത്യു ഏബ്രഹാം (കുഞ്ഞൂട്ടി-80) നിര്യാതനായി. സംസ്കാരം മല്ലപ്പള്ളി നോർത്ത് ബ്രദറൺ സഭാ സെമിത്തേരിയിൽ വച്ച് നടത്തി.

**കുമളി:** ആദ്യകാലവിശ്വാസിയും കുമളി ബ്രദറൺ സഭാ മൂപ്പനുമായിരുന്ന കെ.വി. മത്തായി (മത്തായി സാർ - 80) മഹത്വത്തിൽ പ്രവേശിച്ചു. സംസ്കാരം കുമളി ബ്രദറൺ സഭയുടെ ആഭിമുഖ്യത്തിൽ സഭാ സെമിത്തേരിയിൽ നടത്തി. ദുഃഖാർത്ഥരായ കുടുംബാംഗങ്ങൾക്കായി ദൈവജനം പ്രാർത്ഥിക്കേണമേ.




**ചെങ്ങന്നൂർ:** പുത്തൻകാവ് ശാലേം നഗറിൽ ഇടശ്ശേരിമല മോടിയിൽ ചാക്കോ ഫിലിപ്പിന്റെ മകൻ അനീഷ് തോമസ് ജേക്കബ് (42) നിര്യാതനായി. സംസ്കാരം 9ന് പുത്തൻകാവ് ബ്രദറൺ സഭാഹാളിൽ ശുശ്രൂഷയ്ക്കുശേഷം സഭാ സെമിത്തേരിയിൽ നടത്തി. ഭാര്യ: മഴുക്കീർ ചന്ദനപ്പള്ളിൽ ബ്ലെസ്സി. മകൻ: ജെയ്റസ്



**കല്ലൂപ്പാറ:** പുതുശേരി താഴത്തേത്ത് പരേതനായ ജോസഫിന്റെ ഭാര്യ റാഹേൽ (98) കർത്താവിൽ നിദ്ര പ്രാപിച്ചു. സംസ്കാരം ബ്രദറൺ അസംബ്ലി ചർച്ച് സെമിത്തേരിയിൽ വച്ച് നടത്തി. മക്കൾ: അമ്മിണി, ലീലാമ്മ, മേരി, കുഞ്ഞുമോൻ. ദുഃഖാർത്തരായ കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

## ചത്തീസ്ഘട്ടിലെ ഗ്രാമങ്ങൾ രൂപാന്തരപ്പെടുന്നു

**ബിലായ്:** ചത്തീസ്ഘട്ടിലെ വികസനമെത്താത്ത ഗ്രാമങ്ങളായ പക്കഞ്ചോറിലും, കുറേനറിലും സുവിശേഷ, ആതുര, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ശക്തി പ്രാപിക്കുന്നു. 1994ൽ ബ്രദർ തോമസ് ജോസഫും, ബ്രദർ സാംസനും ചേർന്നാണ് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. ശാരീരികമായും ആത്മീകമായും ജനങ്ങളെ വളർത്തുക എന്ന ലക്ഷ്യത്തോടെയാണ് പക്കഞ്ചോർ എന്ന ഗ്രാമത്തിൽ പ്രവർത്തനം ആരംഭിച്ചത്. ഇവിടെ ഒരു മിഷൻ ഹോസ്പിറ്റൽ തുടങ്ങുവാൻ ഇടയായി ആതുരസേവനം വളരെ ആവശ്യമായി വന്നിരിക്കുന്ന ഇടമാണ് പക്കിഞ്ചോർ. ഇവിടെ സമർപ്പണമുള്ള ക്രിസ്ത്യൻ ഡോക്ടർമാരെ ആവശ്യമാണ്. ബ്രദർ തോമസ് ജോസഫ് 2011ൽ സമീപ ഗ്രാമമായ കുറേനറിലേക്ക് താമസം മാറ്റുകയും ഒരു മിഷൻ സ്കൂൾ (ലൈഫ് അക്കാദമി) തുടങ്ങുകയും ചെയ്തു. വളരെ എതിർപ്പുകൾ നേരിട്ടുവെങ്കിലും പ്രവർത്തനം തുടരുവാൻ കർത്താവ് സഹായിച്ചു. പ്രവർത്തനം മുമ്പോട്ട് പോകുവാൻ വളരെ ആവശ്യങ്ങൾ ഉണ്ട് ദൈവജനത്തിന്റെ പ്രാർത്ഥന അഭ്യർത്ഥിക്കുകയാണ്.



ബ്രദർ സാംസണും കുടുംബവും

ഈ കഴിഞ്ഞ ചില മാസങ്ങൾക്ക് മുമ്പ് ആകസ്മിക സംഭവം നേരിട്ടു. സുവിശേഷപ്രവർത്തനത്തിൽ വളരെ ഉത്സാഹിയായിരുന്ന ബിലായി ബ്രദറൺ അസംബ്ലി സഭാംഗവുമായ സിസ്റ്റർ ലിജാ തോമസ് സുവിശേഷീകരണ പ്രവർത്തനം നടത്തി മടങ്ങിവരുമ്പോൾ ഉണ്ടായ വാഹനാപകടത്തെ തുടർന്ന് നിത്യതയിൽ ചേർക്കപ്പെട്ടു. വളരെ പ്രയാസം നേരിട്ട അവസരത്തിൽ ദൈവം ആവശ്യമായ ആശ്വാസം നൽകി. പക്കഞ്ചോർ ഗ്രാമത്തിന് ഒരു നികത്താനാവാത്ത വിടവാണ് സഹോദരി ലിജയുടെ മരണത്തോടെ ഉണ്ടായത്.

നിങ്ങളുടെ പ്രാർത്ഥയും സഹകരണവും ഞങ്ങൾക്ക് എന്നും പ്രചോദനമാണ് തുടർന്നും പക്കഞ്ചോറിലെയും കുറേനറിലെയും പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കുക.

# ഭാഷ്യം
# സങ്കീർത്തനം 22

ഡോ. സി.വി. വടവന

**പശ്ചാത്തലം.** 'സംഗീതപ്രമാണിക്ക്' എന്ന് ഇതിന്റെ ശീർഷകത്തിൽ കാണുന്നതിൽ നിന്നും, ഈ സങ്കീർത്തനം ദാവീദ് രചിച്ച് സംഗീതപ്രമാണിയെ ഏല്പിച്ചു എന്ന് മനസ്സിലാക്കാം. 'ഉഷസ്സിൽ മാൻപേട' എന്നതിന് അനേക അർത്ഥങ്ങൾ നല്കിയിരിക്കുന്നു. കാൽമെറ്റ് (calmet) ചിന്തിക്കുന്നത് ഉഷസ്സിൽ മാൻപേട എന്ന ഗായകസംഘത്തിന്റെ പ്രധാനപ്രമാണിക്ക് ഈ കീർത്തനം പാടാനായി ഏല്പിച്ചു കൊടുത്തു എന്നാണ് ആഡംക്ലാർക്ക് ഈ അഭിപ്രായത്തോട് യോജിക്കുന്നുണ്ടെങ്കിലും തന്റെ വ്യക്തിപരമായ അഭിപ്രായം "പൗരസ്ത്യഗായകർ ഒരു കവിത എഴുതിയിട്ട് ഏതെങ്കിലും ഒരു പേര് കൊടുക്കാറുണ്ട്. ചിലപ്പോൾ അത് ആ വിഷയത്തോടു ബന്ധമുള്ളതേ ആയിരിക്കുകയില്ല. ഇത്തരം ശീർഷകം ഏതെങ്കിലും ഒരു കവിത തിരിച്ചറിയാൻ കൊടുക്കുന്ന തലക്കെട്ട് എന്നല്ലാതെ, അതിൽക്കവിഞ്ഞ അർത്ഥമൊന്നുമില്ല".

ഈ വാക്കുകൾ അന്ന് പാടിവന്ന മറ്റ് ഏതെങ്കിലും ഒരു കവിതയുടെ ആദ്യവരികൾ ആയിരിക്കാം എന്ന് ആൽബർട്ട് ബാൺസ് അഭിപ്രായപ്പെടുന്നു. അതിന്റെ ഉദ്ദേശ്യം ആ പാട്ടുപാടുന്ന രീതിയിൽ വേണം ഇതും പാടുവാൻ എന്നാണ്. മാത്യുഹെൻട്രിയുടെ അഭിപ്രായം ഇങ്ങനെയാണ്. "പരിമളപർവ്വതങ്ങളിൽ ഓടിവരുന്ന കലമാൻ ക്രിസ്തുവും (ഉത്ത. 8:14) ഇളമാൻ പേട വിശ്വാസികളും (സദൃ. 5:19) ആകുന്നു. സ്വതന്ത്രയായി നടക്കുന്ന പേടമാന് തുല്യനായ നഫ്താലിയെപ്പോലെ ക്രിസ്തു ലാവണ്യവാക്കുകൾ സംസാരിക്കുന്നു (ഉല്പ. 49:21). കഴിഞ്ഞ നിത്യതമുഴുവൻ തന്റെ ത്രിത്വത്തിന്റെ ആലോചനയിൽ നിയമിക്കപ്പെട്ടതും തന്നെ ചുറ്റിവളഞ്ഞ നായ്ക്കളാൽ വേട്ടയാടപ്പെട്ടതുമായ (സങ്കീ. 22:16) ഉഷസ്സിൽ മാൻപേട ക്രിസ്തു തന്നെയാണ്" സി. എച്ച്. സ്പർജനും ഈ അഭിപ്രായത്തെ പിന്താങ്ങിക്കൊണ്ട് ഇപ്രകാരം രേഖപ്പെടുത്തുന്നു: "ഇത് ക്രൂശിന്റെ സങ്കീർത്തനമാണ്. ക്രൂശിലെ അന്ധകാര മണിക്കൂറുകളിലെ ചിത്രമാണിവിടെ വരച്ചിരിക്കുന്നത്. ദാവീദും അവന്റെ കഷ്ടാനുഭവങ്ങളുമാണ് ആക്ഷരികമായി ഇവിടുത്തെ വിഷയമെങ്കിലും ദാവീദു പുത്രനായ യേശുവിനെ ഇതിൽ കാണുന്നവർ ദാവീദിനെ കാണുകയില്ല കാണുവാൻ ഇഷ്ടപ്പെടുകയില്ല."

സഹായത്തിനുള്ള നിലവിളി (വാ. 1–20); അദ്ഭുതകരമായ വിടുതൽ (വാ. 21–31); ക്രിസ്തു ഏകനായി ക്രൂശിൽ (വാ. 1–20); പുനരുത്ഥാനം ചെയ്ത ക്രിസ്തു സഭാമദ്ധ്യത്തിൽ (വാ. 21–31) എന്നിങ്ങനെ ഇതിനെ വിഭജിക്കാം.

ഒന്നാം ഭാഗം വീണ്ടും ഇങ്ങനെ വിഭജിക്കാം: (1) അവൻ ദൈവത്തിൽ നിന്നും അനുഭവിച്ച കഷ്ടം (വാ. 7–18); (2) അവൻ സാത്താന്യ ഭാഗത്തു നിന്ന് അനുഭവിച്ച കഷ്ടം (വാ. 19–21). രണ്ടാം ഭാഗത്തിൽ പ്രധാനമായി രണ്ടു വിഷയങ്ങളുണ്ട്. (1) ക്രിസ്തു സഭാ മദ്ധ്യത്തിൽ (വാ. 21–26). ഇന്ന് ഇത് നിറവേറിക്കൊണ്ടിരിക്കുന്നു. (2) ക്രിസ്തു ജാതികളുടെ അധിപനായി അവരുടെ നടുവിൽ (വാ. 27–31). ഇത് ആയിരമാണ്ടു വാഴ്ചയിൽ നിറവേറും. ഈ സങ്കീർത്തനത്തിലെ ഒന്നാം വാക്യം മത്താ. 27:46-ലും, 22-ാം വാക്യം എബ്രാ. 2:12 ലും 18-ാം വാക്യം യോഹ. 19:24 ലും ഉദ്ധരിച്ചിട്ടുണ്ട്.

**വാ. 1** *"എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതെന്ത്? എന്നെ രക്ഷിക്കാതെയും എന്റെ ഞരക്കത്തിന്റെ വാക്കുകൾ കേൾക്കാതെയും അകന്നു നില്ക്കുന്നതെന്ത്?"* സങ്കീർത്തനത്തിലെ ഈ 16-ാമത്തെ പ്രവചനം മത്താ. 27:46; മർക്കൊ. 15:34 എന്നീ ഭാഗങ്ങളിൽ നിവൃത്തിയായി. ഞരക്കം എന്നതിന് ഉപയോഗിച്ചിരുന്ന എബ്രായ പദം 'ഷെഅഗാ' അർത്ഥം, വിലാപം, ഞരക്കം. സിംഹത്തിന്റെ ഗർജ്ജനത്തെക്കുറിക്കുവാൻ ഉപയോഗിച്ചിരിക്കുന്നു (ഇയ്യോ. 4:10; യെശ. 5:29; യെഹെ. 19:6–7; സെഖ. 11:3); ഞരക്കം (വാ. 1; 32:3; ഇയ്യോ. 3:24).

**വാ. 2** *"എന്റെ ദൈവമേ, ഞാൻ പകൽസമയത്തു വിളിക്കുന്നു; ..... എനിക്കു ഒട്ടും മൗനതയില്ല."* പകലിന്റെ ഉഗ്രവെളിച്ചമോ രാത്രിയുടെ അന്ധതമസ്സോ പ്രാർത്ഥനയ്ക്ക് തടസ്സമാകരുത്. ദൈവം കേൾക്കുന്നില്ല എന്ന് ആദ്യം അനുഭവപ്പെട്ടാലും യഹോവ നീതിമാന് ഒരു അഭയസ്ഥാനമാണ്. വാ. 2–5 ദാവീദിന്റെ തന്നെ അനുഭവങ്ങളാണ്, മശിഹായുടേതല്ല; കാരണം, അവന്റെ അപേക്ഷ സ്വീകരിക്കപ്പെട്ടില്ല (വാ. 2). മശിഹായുടെ എല്ലാ അപേക്ഷകളും ദൈവം കേട്ട് ഉത്തരമരുളിയിട്ടുണ്ട് (യോഹ. 11:42).

**വാ. 3** *"യിസ്രായേലിന്റെ സ്തുതികളിന്മേൽ വസിക്കുന്നവനേ, നീ പരിശുദ്ധനാകുന്നുവല്ലോ."* യിസ്രായേലിന്റെ സ്തുതികളിന്മേൽ വസിക്കുന്നവൻ പരിശുദ്ധനാകുന്നു (സങ്കീ. 65:1; ആവ. 10:21). ദൈവത്തോടുള്ള ശരിയായ മനോഭാവം ഇതാണ്. പ്രാർത്ഥന കേൾക്കുന്നില്ല (വാ. 2) എങ്കിലും നീ പരിശുദ്ധനാണ് (വാ. 3) എന്ന മനോഭാവം. പാപമോ (സങ്കീ. 66:18), അവിശ്വാസമോ (മത്താ. 17:20; യാക്കോ. 1:5–8) കാരണം പ്രാർത്ഥന കേൾക്കപ്പെടാതിരിക്കുമ്പോൾ, അതിന് ദൈവത്തെ കുറ്റപ്പെടുത്താതിരിക്കുകയാണ് വേണ്ടത്. എന്തുകൊണ്ടെന്നാൽ ദൈവം പരിശുദ്ധനാകുന്നു, അവനിൽ നീതികേടില്ല.

**വാ. 4–5** *"ഞങ്ങളുടെ പിതാക്കന്മാർ നിന്നിൽ ആശ്രയിച്ചു; ..... ലജ്ജിച്ചു പോയതുമില്ല."* കഴിഞ്ഞ കാലത്ത് ദൈവം പ്രാർത്ഥന കേട്ട് ഉത്തരമരുളിയത് തുടർന്നു പ്രാർത്ഥിക്കുന്നതിന് ഒരു അടിസ്ഥാനമായി ദാവീദ് ഉപയോഗിക്കുന്നു (വാ. 4–5). അതുകൊണ്ട് അവനിൽ ആശ്രയിക്കുവാൻ അത് നമ്മുക്കും പ്രേരകമായിത്തീരണം.

വാ. 5 ൽ ദാവീദ് ഇങ്ങനെ പറയുന്നതായി തോന്നും, "പിതാക്കന്മാർ എല്ലാം വിടുവിക്കപ്പെട്ടപ്പോൾ, എനിക്കു മാത്രം എങ്ങനെ സഹായം ലഭിക്കാതെപോകും?" ഇതാണ് പ്രാർത്ഥനയിലുള്ള യഥാർത്ഥ മൽപ്പിടുത്തം. തന്റെ ജനത്തോടു കർത്താവിന്റെ മുൻകാലങ്ങളിലെ ദയയെപ്പറ്റി നാം ദൈവത്തെ ഓർമിപ്പിച്ചുകൊണ്ട് ഇപ്പോഴും ആ ദയ കാണിക്കുവാൻ യാചിക്കണം. മറ്റൊന്നിനും കഴിയാത്ത അദ്ഭുതം പ്രവർത്തിക്കുവാൻ വിശ്വാസത്തിന്റെ പ്രാർത്ഥനയ്ക്ക് കഴിയും. പിതാക്കന്മാർ അപേക്ഷിച്ചപ്പോൾ അവരുടെ പ്രത്യാശയ്ക്കു ഭംഗം വരാതെ, അവർ ലജ്ജിച്ചുപോകാതെ തക്കസമയത്ത് അവർക്ക് വിടുതൽ ലഭിച്ചു (സങ്കീ. 25:2, 3; 31:1; 71:1; യെശ. 49:23; റോമ. 9:33).

**വാ. 6** *"ഞാനോ മനുഷ്യനല്ല, ഒരു കൃമിയത്രേ; മനുഷ്യരുടെ ധിക്കാരവും ജനത്താൽ നിന്ദിതനും തന്നെ."* സങ്കീർത്തനം 17 ലെ പ്രവചനമാണിത്. വാ. 6–21 വരെ ക്രിസ്തുവിന്റെ ഒന്നാംവരവിൽ നിവൃത്തിയായി; വാ. 22–31 തന്റെ രണ്ടാം വരവിൽ നിവൃത്തിയാകും. ഇവിടെ മനുഷ്യനല്ല എന്നതിന് ഉപയോഗിച്ചിരിക്കുന്ന എബ്രായ പദം 'ഈഷ്' ആണ്, സാധാരണക്കാരിൽ നിന്ന് വ്യത്യസ്തമായി ഉന്നതനായ മനുഷ്യരെ സംബന്ധിച്ചും (സങ്കീ. 49:12; 62:9; യെശ. 2:9; 5:15; 31:8), ദൂതന്മാരെയും ദൈവത്തെയും മനുഷ്യനെന്ന നിലയിൽ പരാമർശിക്കുമ്പോഴും (പുറ. 15:3; യോശു. 5:13; ദാനീ. 9:21; 10:5; 12:6–7; സെഖ. 1:8) ഈ വാക്കുപയോഗിക്കുന്നു. "ഞാൻ മനുഷ്യരിൽ ഏറ്റവും താഴ്ന്നവൻ, ഒട്ടും ഉന്നതനല്ല" എന്നാണ് ഇവിടെ വായിക്കാവുന്നത്.

കൃമി എന്ന വാക്കിന് ഉപയോഗിച്ചിരിക്കുന്ന എബ്രായ പദം 'തോല' എന്നതാണ്. അർത്ഥം, പുഴു, കടുംചുവപ്പു നിറമുള്ളത്. കടുംചുവപ്പു ചായം നിർമ്മിക്കാൻ ഇതുപയോഗിച്ചിരുന്നു. ഈ വാക്ക് 1 തവണ കടുംചുവപ്പ് എന്നും (യെശ. 1:18), 31 തവണ ചുവപ്പ് എന്നും (പുറ. 25:4; 26:1, 31, 36; 27:16 മുതലായവ); പുഴു, കൃമി എന്ന് 8 തവണയും വിവർത്തനം ചെയ്തിട്ടുണ്ട്.

(1) ഭക്ഷണത്തിലെ കൃമിയെപ്പറ്റി (പുറ. 16:20; ആവ. 28:39; യോഹ. 4:7); (2) ദൈവവുമായുള്ള താരതമ്യത്തിൽ പാപം നിറഞ്ഞ അശുദ്ധനായ മനുഷ്യനെക്കുറിച്ച് (ഇയ്യോ. 25:6; യെശ. 41:14); (3) നരകത്തിലകപ്പെടുന്ന മനുഷ്യരുടെ മരിക്കാത്ത ദേഹിയെക്കുറിച്ച് (യെശ. 14:11; 66:24 ഒ. നോ. മർക്കൊ. 9:43–48); (4) മനുഷ്യരുടെ ഇടയിൽ ത്യജിക്കപ്പെട്ടും തുപ്പലേറ്റും നിന്ദയും ദുഷ്കീർത്തിയും അപമാനവും അവർക്കായി സഹിച്ച ക്രിസ്തുവിനെക്കുറിച്ച് (വാ. 6. ഒ. നോ. ഫിലി. 2:5–8; 1 പത്രൊ. 2:24; യെശ. 49:7; 52:14; 53:1–12).

തേജസ്സിന്റെ കർത്താവ് ദൂതന്മാരിലും അല്പം ഒരു താഴ്മയിലേക്കു വന്നു എന്നു മാത്രമല്ല, മനുഷ്യരെക്കാളും താണ നിലയിലേക്കു താണു എന്നത് അദ്ഭുതമല്ലേ. 'ഞാൻ ആകുന്നു' എന്നതും 'ഞാൻ കൃമിയാകുന്നു' എന്നതും തമ്മിൽ എന്തു അന്തരം! ദുർബ്ബലനായി, നിസ്സഹായനായി, കാൽക്കീഴിൽ ചവിട്ടപ്പെട്ടാൽ ആരും ഗണ്യമാക്കാത്തവനായി, ഒരു കൃമിയായി അവൻ മാറി. അവൻ മനുഷ്യരാൽ നിന്ദിക്കപ്പെട്ട് ത്യജിക്കപ്പെട്ട്, വ്യസനപാത്രമായപ്പോൾ, കണ്ടാൽ ആളല്ല എന്നു തോന്നുമാറ് വിരൂപമായിത്തീർന്നു (യെശ. 53:3; 52:14).

മശിഹായെക്കുറിച്ചുള്ള 30 വസ്തുതകളും മശിഹായുടെ കഷ്ടതകളും (സങ്കീ. 22:6):

1 ദൈവം എന്നെ കൈവിട്ടു (വാ. 1)
2 എന്റെ സഹായം അകലെയായിരിക്കുന്നു
3 എന്റെ വാക്കുകൾ കേൾക്കുന്നില്ല
4 ഞാൻ ഒരു കൃമിയത്രെ (വാ. 6)
5 ഞാൻ മനുഷ്യനല്ല (വാ. 6)
6 ഞാൻ മനുഷ്യരുടെ നിന്ദ ആയിരിക്കുന്നു
7 എന്നെ മനുഷ്യർ അപലപിക്കുന്നു
8 എന്നെ മനുഷ്യർ വെറുക്കുന്നു (വാ. 7)
9 എന്നെ മനുഷ്യർ പരിഹസിക്കുന്നു
10 ജനനം മുതൽ ദൈവം എന്റെ സംരക്ഷകനായിരിക്കുന്നു (വാ. 9)
11 ജനനം മുതൽ എന്റെ പ്രത്യാശ ദൈവമായിരുന്നു
12 ജനനം മുതൽ എന്റെ ശരണം ദൈവമായിരുന്നു (വാ. 10)
13 യഹോവ ജനനം മുതൽ എന്റെ ദൈവം
14 ദൈവം എപ്പോഴും എന്നോടടുത്തുണ്ടായിരുന്നു (വാ. 11)
15 എനിക്കു പ്രയാസങ്ങൾ നേരിടേണ്ടി വന്നു
16 എന്റെ സഹായം ദൈവം മാത്രമായിരുന്നു
17 ബാശാൻ കൂറ്റന്മാർ എന്നെ വളഞ്ഞിരിക്കുന്നു
18 അവർ എന്നെ നശിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നു (വാ. 13)
19 എന്റെ ജീവരക്തം വെള്ളം പോലെ തൂകിപ്പോകുന്നു (വാ. 14; യോഹ. 19:34)
20 എന്റെ അസ്ഥികളെല്ലാം ബന്ധം വിട്ടിരിക്കുന്നു
21 എന്റെ ഹൃദയം മെഴുകുപോലെയായി, എന്റെ കുടലിന്റെ നടുവെ ഉരുകിയിരിക്കുന്നു
22 എന്റെ ശക്തി നഷ്ടപ്പെട്ടിരിക്കുന്നു (വാ. 15)
23 എന്റെ നാവ് അണ്ണാക്കോടു പറ്റിയിരിക്കുന്നു
24 ഞാൻ ഒരു യാഗമാക്കപ്പെടുന്നു
25 ജാതികൾ എന്നെ ചുറ്റിയിരിക്കുന്നു (വാ. 16)
26 ദുഷ്ടന്മാർ എന്നെ വളഞ്ഞു
27 എന്റെ കൈകളും കാലുകളും തുളയ്ക്കപ്പെട്ടിരിക്കുന്നു
28 എന്റെ അസ്ഥികൾ ബന്ധം വിട്ടതിനാൽ ജനം എന്നെ ഉറ്റുനോക്കുന്നു (വാ. 17)
29 എന്റെ വസ്ത്രം അവർ പകുത്തെടുത്തു (വാ. 18)
30 എന്റെ അങ്കിക്കായി അവർ ചീട്ടിടുന്നു

**വാ. 7–8** *"എന്നെ കാണുന്നവരൊക്കെയും എന്നെ പരിഹസിക്കുന്നു; ..... അവനിൽ പ്രസാദമുണ്ടല്ലോ."* പരിഹാസത്തിന്റെ എല്ലാ വശങ്ങളും ക്രിസ്തു അനുഭവിച്ചതായി സുവിശേഷങ്ങളിൽ കാണുന്നു (മത്താ. 27:39; മർക്കൊ. 15:29; ലൂക്കൊ. 23:35; ഇയ്യോ. 16:4; സങ്കീ. 109:25). പുരോഹിതന്മാരും, ജനങ്ങളും യെഹൂദന്മാരും ജാതികളും എല്ലാം അതിൽ പങ്കുചേർന്നു. അവന്റെ ദൈവത്തിലുള്ള ആശ്രയത്തെപ്പോലും അവർ പരിഹസിച്ചു. നാം ഇങ്ങനെയുള്ള അനുഭവത്തിലൂടെ കടന്നുപോകുമ്പോൾ പാപികളാൽ തനിക്കു നേരിട്ട ഇങ്ങനെയുള്ള വിരോധം സഹിച്ചവനെ ധ്യാനിച്ചുകൊള്ളുക.

*(തുടരും)*

# റാന്നി ബ്രദറൺ കൺവൻഷൻ


റാന്നി ബ്രദറൺ കൺവൻഷൻ വചനം ശ്രവിക്കുന്നവർ

1900 ജനുവരിയിലാണ് റാന്നിയിലെ ആദ്യ ബ്രദറൺ കൺവൻഷൻ നടന്നത്. പമ്പാനദി തീരത്തുള്ള കളയ്ക്കാട്ട് മണൽ പരപ്പിലായിരുന്നു ചരിത്രത്തിലെ ആ ധന്യ മുഹൂർത്തം. മിഷണറി ശ്രേഷ്ഠരായ ഹാന്റിലി ബോർഡും, വി. നാഗലും ആയിരുന്നു ആദ്യത്തെ വചന പ്രഘോഷകർ. ഇ.എച്ച്. നോയൽ, മഹാകവി കെ.വി. സൈമൺ തുടങ്ങിയവർ ബ്രദറൺ കൺവൻഷനിലെ ആദ്യകാല പ്രധാന പ്രസംഗകരായിരുന്നു. 1924ൽ പമ്പാനദിയിലെ വെള്ളപ്പൊക്കത്തെ തുടർന്ന് കൺവൻഷൻ റാന്നി ഇട്ടിയപ്പാറയിലെ സീയോൻകുന്നിലേക്ക് മാറ്റപ്പെട്ടു. ഒരു ഘട്ടം മുതൽ ബ്രദറൺ കൺവൻഷൻ റാന്നി അങ്ങാടിയിലെ പി.ജി.റ്റി. ഹാളിലാണ് നടന്നിരുന്നത്. വളരെനാളുകൾ പി.ജി.റ്റി ഹാളിൽ തുടർന്ന റാന്നി കൺവൻഷൻ, സീയോൻ കുന്നിൽ ആർ.സി.സി.എസ് ആഡിറ്റോറിയം നിലവിൽ വന്നതോടെ സ്ഥിരവേദി അതായി. 2000ത്തിൽ കൺവൻഷന്റെ ശതാബ്ദിയായിരുന്നു. 2011ൽ എത്തി നിൽക്കുമ്പോൾ ദൈവം നടത്തിയ മനോജ്ഞങ്ങളായ 111 വർഷത്തെ ചരിത്രസ്മരണകളാണ് പുഷ്പിച്ചു നിൽക്കുന്നത്.

കഴിഞ്ഞ അനേക വർഷത്തെ ദൈവിക പരിപാലനത്തിന്റെയും, കൺവൻഷൻ വേദിയിലേയും ഓർമ്മകൾ പച്ചപിടിച്ചു നിൽക്കുകയാണ് ഇവിടെയുള്ള വയോധികരായ അനേകം ഭക്തമനസ്സുകളിൽ. ഈ സീയോൻ കുന്നിൽ പാദമൂന്നി സുവിശേഷ വചസ്സുകൾ വിളിച്ചു പറഞ്ഞ കെ.വി. സൈമൺ, റ്റി.കെ. ശാമുവേൽ എം.ഇ. ചെറിയാൻ, കെ.ജി. കുര്യൻ തുടങ്ങിയ വിശ്വാസവീരന്മാരെ ആദരവോടെ മാത്രമേ ഓർമ്മിക്കാനാവുകയുള്ളൂ.

## കോട്ടയം കൺവൻഷൻ സമാപിച്ചു (1ാം പേജിൽ നിന്നും തുടർച്ച)

കോട്ടയം ജില്ലയിലെ ബ്രദറൺ സഭകളുടെ സംയുക്താഭിമുഖ്യത്തിലാണ് എല്ലാവർഷവും കോട്ടയം കൺവൻഷൻ നടക്കുന്നത്. നഗരമദ്ധ്യേയുള്ള പ്രസിദ്ധമായ തിരുന്നക്കര മൈതാനിയിൽ വച്ചാണ് മിക്കവാറും എല്ലാ വർഷവും കൺവൻഷൻ നടക്കുന്നത്. അവിശ്വാസികളായ അനേകമാളുകൾ സുവിശേഷ പ്രഭാഷണങ്ങൾ ശ്രദ്ധിക്കുന്നുവെന്നത് കോട്ടയം കൺവൻഷന്റെ സവിശേഷതയാണ്. അവരിൽ ചിലർ ദൂരദേശങ്ങളിൽ നിന്നും വരുന്നവരുമാണ്.


കോട്ടയം കൺവൻഷൻ വേദി ഒരു ദൃശ്യം

സഹോദരി സമാജം, ബാലസംഘം, യുവജനസമ്മേളനം ബൈബിൾ ക്ലാസ്സ്, ആരാധനയോഗം എന്നീ ശുശ്രൂഷകളും കൺവൻഷനോട് അനുബന്ധിച്ച് നടക്കുന്നു. വരും വർഷങ്ങളിലും കോട്ടയം കൺവൻഷൻ പൂർവ്വാധികം ഫലകരമായി നടക്കുവാൻ കർത്താവ് കൃപ ചെയ്യട്ടെ.

# കുണ്ടറ കൺവൻഷൻ

**കൊല്ലം:** കുണ്ടറ ബ്രദറൺ സഭയുടെ ആഭിമുഖ്യത്തിൽ കുണ്ടറ കൺവൻഷൻ 2012 ജനുവരി 12 വ്യാഴം മുതൽ 15 ഞായർ ഉച്ചവരെ നടത്തപ്പെടും. രണ്ട് വേദികളായി നടത്തപ്പെടുന്ന കൺവൻഷനിൽ വ്യാഴം, വെള്ളി ദിവസങ്ങളിൽ സഭാഹാളിന്റെ മുൻവശത്ത് തയ്യാറാക്കുന്ന പന്തലിൽ വച്ചും ശനി, ഞായർ ദിവസങ്ങളിൽ വൈ.എം.സി.എ. ഓഡിറ്റോറിയത്തിലും യോഗങ്ങൾ നടത്തപ്പെടും. സുപ്രസിദ്ധ പ്രഭാഷകരായ ചാണ്ടപ്പിള്ള ഫിലിപ്പ്, ഏബ്രഹാം ചെമ്പോല, ജോർജ്ജ് ചാക്കോ എന്നിവർ പ്രസംഗിക്കും. ജെയ്സൺ കൊട്ടാരക്കര, ജോജി ജോൺ, കുണ്ടറ എന്നിവർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. 15ന് ആരാധനായോഗം YMCA ഓഡിറ്റോറിയത്തിൽ വച്ച് നടക്കും. സുവിശേഷയോഗങ്ങളുടെ തത്സമയ സംപ്രേക്ഷണം www.radiomanna.com -ൽ ലഭ്യമായിരിക്കും. സി.എം. ജോൺ, എ. സഖറിയ എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകും.

## ജസ്റ്റിൻസ് ഹോം SRIDC... (6-ാം പേജിൽ നിന്നും തുടർച്ച)

സ്ഥാപനം മുമ്പോട്ടു കൊണ്ടുപോകുന്നതിനു ഭാരിച്ച ചെലവുകൾ ഉണ്ടെങ്കിൽ തന്നെയും ഭൂരിഭാഗവും ദരിദ്രഭവനങ്ങളിൽ നിന്നുള്ളവരാകകൊണ്ട് സൗജന്യസേവനമർഹിക്കുന്നവരാണ്. അവരെ ഈ സ്ഥാപനത്തിൽ പ്രവേശിപ്പിക്കാതിരുന്നാൽ നാലു ചുവരുകൾക്കുള്ളിൽ അടക്കപ്പെടുകയോ, കുടുംബത്തിൽ നിന്നു അവഗണിക്കപ്പെടുകയോ ചെയ്തേക്കാം. അതുകൊണ്ട് തന്നെ എല്ലാവർക്കും പ്രവേശനം അനുവദിച്ചിരിക്കുന്നു. സ്ഥാപനത്തിന്റെ എല്ലാ ആവശ്യങ്ങളും ദൈവകൃപയാൽ മുടക്കം കൂടാതെ ഇന്നു വരെയും മുമ്പോട്ടു പൊയ്ക്കൊണ്ടിരിക്കുന്നു. തയ്യൽ പരിശീലനവും, കമ്പ്യൂട്ടർ പരിശീലനവും SRIDC യിൽ നല്കി വരുന്നു.

അന്തേവാസികളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവും സ്ഥലപരിമിതിയും കണക്കിലെടുത്ത് SRIDCക്ക് പുതിയ കെട്ടിട സമുച്ചയത്തിനു തറക്കല്ലിട്ടു. 2012 ഫെബ്രുവരിയിൽ പ്രവർത്തനമാരംഭിക്കണമെന്ന ഉദ്ദേശത്തോടെ കെട്ടിട നിർമ്മാണം പുരോഗമിക്കുന്നു. കിച്ചൻ, ഡയനിംഗ് ഹാൾ, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ ഡോർമട്ടറികൾ എന്നിവ ഒന്നാം നിലയിൽ പണി പൂർത്തിയായി പ്രവർത്തനമാരംഭിച്ചു. കൂടുതൽ മാതാപിതാക്കൾ കുട്ടികളെ SRIDC-യിൽ ചേർക്കുന്നതിനോടു താത്പര്യം കാണിക്കുന്നു. വലിപ്പമേറിയ കിച്ചനും, ഡയനിംഗ് ഹാളിൽ ടെലിവിഷൻ ക്രമീകരിച്ചിരിക്കുന്നതും കുട്ടികൾക്കിഷ്ടമുള്ള പ്രോഗ്രാം കണ്ട് ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുന്നതിനു സഹായകമാണ്. പുതിയ കെട്ടിടത്തിന്റെ പണി പൂർത്തിയാകുന്നതോടെ കൂടുതൽ സൗകര്യങ്ങൾ ഒരുക്കുവാൻ ആഗ്രഹിക്കുന്നു. ഈ കുട്ടികൾക്കായി ഒരു Special disability play ground ഉണ്ട്. കൂടാതെ, കൃത്രിമ കാൽ നിർമ്മാണം, പ്രിന്റിംഗ് ടെക്നോളജി, കുട നിർമ്മാണം, ഫയൽ നിർമ്മാണം തുടങ്ങിയ തൊഴിലധിഷ്ഠിത പ്രവർത്തനങ്ങളും ചെയ്യുവാനാഗ്രഹിക്കുന്നു.

ഈ പ്രോഗ്രാമുകൾ വഴി വൈകല്യമുള്ളവരെ സ്വതന്ത്രമായി ജീവിക്കുവാൻ കഴിയുന്ന വിധത്തിൽ കഴിവുള്ളവരാക്കി സമൂഹത്തിനു സമർപ്പിക്കുകയാണ് ലക്ഷ്യം. വൈകല്യമുള്ള വ്യക്തികൾക്കും അവരുടെ കുടുംബങ്ങൾക്കും അനുഗ്രഹമാകുവാനും, ദൈവനാമമഹത്വത്തിനുവേണ്ടി ഈ പ്രസ്ഥാനം മുമ്പോട്ടു കൊണ്ടുപോകുവാനും ബലപ്പെടുത്തണമേ എന്നതാണ് ദൈവത്തോടുള്ള ഞങ്ങളുടെ പ്രാർത്ഥന.

പ്രിയ വായനക്കാരേ,

നിങ്ങളുടെ അറിവിലോ പരിചയത്തിലോ ഇങ്ങനെയുള്ള വ്യക്തികൾ നിമിത്തം ബുദ്ധിമുട്ടുന്ന കുടുംബങ്ങൾ ഉണ്ടെങ്കിൽ ഞങ്ങളെ പരിചയപ്പെടുത്താൻ മറക്കരുതേ! ഒരുമിച്ച് പ്രാർത്ഥിക്കുകയും പ്രോത്സാഹിപ്പിക്കയും ദൈവം തന്ന ദാനം നന്ദിയോടെ കൈകാര്യം ചെയ്യാൻ തയ്യാറാകുകയും ചെയ്യാം.

ഈ നല്ല പ്രവർത്തനങ്ങളോട് സഹകരിക്കാൻ താത്പര്യമുള്ളവർ ദയവായി ബന്ധപ്പെട്ടാലും.

മേരിക്കുട്ടി വടവന
Mob: 9446447830

# യുവജന സമ്മേളനം

**ജാൻസി:** ബിലീവേഴ്സ് ബ്രദറൺ അസംബ്ലിയുടെ ആഭിമുഖ്യത്തിൽ യുവജനങ്ങൾക്കുവേണ്ടി ത്രിദിന യുവജനക്യാമ്പ് 26 മുതൽ 29 വരെ ജാൻസിയിലെ ഗ്രഹ്മാവു എന്ന സ്ഥലത്ത് നടത്തപ്പെടും. സുവി. ബെന്നി ചരലിൽ മുഖ്യ പ്രഭാഷണം നടത്തും. സുവി. ഫിലിപ്പോസ് പി.പി. ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകും. ദൈവജനം പ്രത്യേകം പ്രാർത്ഥിക്കുവാൻ അഭ്യർത്ഥിക്കുന്നു.



# അമേരിക്കയിൽ നടന്ന സഹോദരിമാരുടെ പ്രഥമ ഏകദിന ക്യാമ്പ് - പ്രവർത്തന റിപ്പോർട്ട്

**എൽസി ബേബി**

**അ**നേകം നാൾ പ്രാർത്ഥിച്ചു കാത്തിരുന്നതിന്റെ ഫലമായി സഹോദരിമാരുടെ ഒരു ഏകദിന ക്യാമ്പ് ന്യൂജേഴ്സിയിലുള്ള "ന്യൂജേഴ്സി ബിലീവേഴ്സ് ബ്രദറൺ അസംബ്ലിയിൽ വച്ച് ഒക്ടോബർ 8ന് അനുഗ്രഹകരമായി നടക്കുവാൻ സ്വർഗ്ഗത്തിലെ ദൈവം പ്രസാദിച്ചു എന്നത് കത്തൃനാമ മഹത്വത്തിനും, സ്തോത്രത്തിനുമായി പ്രസ്താവിച്ചു കൊള്ളുന്നു. പ്രാർത്ഥിച്ച എല്ലാവർക്കും നന്ദി.

കാലാകാലങ്ങളിലായി വിവിധ സാഹചര്യങ്ങളിൽ അമേരിക്കയിലേക്കു കുടിയേറിപാർത്ത വിശ്വാസികളായ നമ്മുടെ സഹോദരിമാർ വളരെയധികം ഭയത്തോടും പ്രാർത്ഥനയോടും കൂടെയാണ് തങ്ങളുടെ പ്രവാസകാലം അവിടെ കഴിക്കുന്നതെന്ന് എടുത്തു പറയേണ്ടതില്ലല്ലൊ. നാട്ടിലുള്ള സഹോദരിമാരേക്കാൾ പ്രവാസികളായ സഹോദരിമാരുടെ ചുമതലകളും, ബദ്ധപ്പാടുകളും വളരെ ഏറെയാകുന്നു. അവയുടെ മദ്ധ്യത്തിലും സഹോദരിമാർ തങ്ങളുടെ സ്ഥലംസഭകളിൽ പ്രാർത്ഥനായോഗങ്ങളും ബൈബിൾ സ്റ്റഡിയും നടത്തുന്നു. കോട്ടേജുമീറ്റിംഗുകളിലൂടെയും, അതിഥിസല്ക്കാരങ്ങളിൽ കൂടെയും തങ്ങളുടെ ശുശ്രൂഷകൾ നിറവേറ്റുന്നു. വിവിധ സ്ഥലം സഭകളിലെ സഹോദരിമാർ ഒന്നിച്ച് മൂന്നുമാസം കൂടുമ്പോൾ സഹോദരിമാരുടെ യോഗങ്ങൾ ക്രമീകരിച്ചിരിക്കുന്നത് അന്യോന്യമുള്ള ആത്മീകവർദ്ധനയ്ക്കും, സ്നേഹത്തിനും, കൂട്ടായ്മയ്ക്കും പ്രോത്സാഹനം നല്കുന്നു. ചില നാളുകളായി വിവിധ സ്റ്റേയ്റ്റുകളിലും ഭവനങ്ങളിലും ഇരുന്നുകൊണ്ട് "ടെലഫോൺ കോൺഫ്രൻസ് ഓൺ ലൈനിൽ കൂടെ പ്രാർത്ഥനയും ബൈബിൾ സ്റ്റഡിയും നടത്തുന്ന ഒരു പരിപാടി നടത്തുന്നത് അനേകർക്കു പ്രയോജനവും അനുഗ്രഹവുമായിരിക്കുന്നുവെന്നതും സ്തോത്രത്തിനായി പ്രസ്താവിക്കട്ടെ. ദൂരത്തും ചാരത്തുമുള്ള അനേകം രോഗികളേയും, കഷ്ടമനുഭവിക്കുന്നവരേയും, ദുഃഖങ്ങളിലിരിക്കുന്നവരേയും ഓർത്ത് ഒരുമനപ്പെട്ട് പ്രാർത്ഥിക്കുവാനും, അർഹരായവർക്കു ധനസഹായങ്ങൾ എത്തിക്കുവാനും ഈ പരിപാടിയിൽ കൂടെ സാധിക്കുന്നു എന്നത് ദൈവനാമം മഹത്വപ്പെടുവാനിടയാകുന്നു. എന്നാൽ സഹോദരിമാരുടെ പരസ്പരസ്നേഹവും, കൂട്ടായ്മയും, ഐക്യവും ലക്ഷ്യമാക്കി ഒരു ഏകദിന ക്യാമ്പു നടത്തിയാൽ കൊള്ളാം എന്ന ആശ സഹോദരി ആനി വിൽസന്റെ ഹൃദയത്തിൽ അങ്കുരിക്കുകയും അത് പല സ്റ്റേറ്റുകളിലിരിക്കുന്ന സഹോദരിമാരായ മറിയാമ്മ സെൻ, ശോശാമ്മ ബക്ഷ്, ആലീസ് തോമസ്സ്, മോളി ജോർജ്ജ് എന്നിവരുമായി പങ്കിട്ടതിന്റെ ഫലമായി പലയിടങ്ങളിലുള്ള സഹോദരിമാരെ പ്രോത്സാഹിപ്പിച്ചും, പ്രാർത്ഥിച്ചും, സംഘടിപ്പിച്ചും പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ് ഇങ്ങനെയൊരു സംരംഭം പ്രാവർത്തികമാക്കുവാനിടയായത്. പ്രിയ സഹോദരിമാരെ, നാം എവിടെയായിരുന്നാലും ഒന്നിച്ച് ഐക്യമത്യപ്പെട്ടു പ്രവർത്തിച്ചാൽ നമ്മുടെ കർത്താവ് അസാദ്ധ്യകാര്യങ്ങളെ സാധ്യമാക്കിത്തരും എന്നു സാക്ഷിപ്പാൻ മാത്രമാണ് ഈ പ്രസ്താവന. സകല മാനവും മഹത്വവും നമ്മുടെ കർത്താവിനു മാത്രം അർപ്പിച്ചുകൊള്ളുന്നു.

രാവിലെ 9 മണി മുതൽ വൈകിട്ട് 5 മണിവരെ നടന്ന ക്യാമ്പിന്റെ തീം "സഹോദരിമാരുടെ ശുശ്രൂഷകൾ 'ഭവനത്തിൽ', 'സഭയിൽ', 'ജോലിസ്ഥലത്ത്' എന്നതായിരുന്നു. സഹോദരിമാരായ എൽസി ബേബി, ആനി വിൽസൻ, നീനാ ശാമുവേൽ ഈ വിഷയങ്ങളെ ആസ്പദമാക്കി നല്കിയ പ്രബോധനങ്ങൾ തികച്ചും ആനുകാലികവും, അനുഗ്രഹകരവുമായിരുന്നു. ഈ ക്യാമ്പിന്റെ അനുഗ്രഹത്തിന്റെ പ്രധാന കാരണം അതിൽ സംബന്ധിച്ച യുവസഹോദരികളായിരുന്നു. പാട്ട്, സ്കിറ്റ്, ക്വിസ്സ്, ചോദ്യോത്തരവേള എന്നീ രസകരമായ പരിപാടികൾ ആസൂത്രണം ചെയ്തു പ്രകടമാക്കിയത് ക്യാമ്പിന്റെ അനുഗ്രഹത്തിനു നിദാനമായി. വീഡിയോ, ക്യാമറ, കമ്പ്യൂട്ടർ എന്നിവയിലൂടെ പരിപാടികൾ പകർത്തിയത് യുവസഹോദരിമാരായിരുന്നു. സന്ദർഭോചിതങ്ങളായ പാട്ട്, പ്രാർത്ഥന, സാക്ഷ്യം ഇവ ക്യാമ്പിലെ പരിപാടികളായിരുന്നു. സ്തോത്രക്കാഴ്ചയിൽ ലഭിച്ച തുക അതിന്നർഹരായവർക്കു നല്കുവാൻ തീരുമാനിച്ചു. സഹോദരിമാരുടെ ഏതു പരിപാടികളിലും സഹോദരന്മാരുടെ സഹായസഹകരണങ്ങൾ അനിവാര്യമാണല്ലോ. വാഹനങ്ങൾ വാടകക്കെടുത്തും സ്വന്തം കാറിലും സഹോദരിമാരെ കൂട്ടിച്ചേർത്ത് ഉദ്ദിഷ്ഠ സ്ഥാനത്തെത്തിച്ചു മടക്കിക്കൊണ്ടുപോകാൻ സഹോദരന്മാർ കാണിച്ച പിന്തുണ അഭിനന്ദാർഹമായിരുന്നു. ഫിലാദൽഫ്യായിലെ സഹോദരന്മാർ അതിൽ മുൻപന്തിയിലായിരുന്നു. രുചികരമായ ഭക്ഷണം, കാപ്പി, ചായ, പലഹാരങ്ങൾ മധുരപാനീയങ്ങൾ എല്ലാം ഒരുക്കി സഹോദരിമാരെ തൃപ്തരാക്കിയ സ്ഥലം സഭയിലെ സഹോദരന്മാരുടെ സഹകരണം സഹോദരിമാർക്കു പ്രോത്സാഹനമായിരുന്നു. അന്യോന്യം ആശ്ലേഷിച്ചു ചുംബനങ്ങൾ നല്കി പിരിയുമ്പോൾ "നമുക്കിനിയും ഇങ്ങനെ കൂടണം" എന്നായിരുന്നു ഭൂരിപക്ഷാഭിപ്രായം. ദൈവമനുവദിച്ചാൽ അടുത്ത വർഷവും നമുക്കു കൂടാം എന്ന പ്രത്യാശയോടും പ്രാർത്ഥനയോടും കൂടെ പിരിഞ്ഞു. "നമ്മുടെ ദൈവത്തിന് അസാദ്ധ്യമായി ഒന്നുമില്ല" എന്നേറ്റു പറഞ്ഞ് സഹോദരിമാർ ദൈവത്തെ പുകഴ്ത്തി. സകല മാനവും മഹത്വവും കർത്തൃപാദങ്ങളിലർപ്പിക്കുന്നു. ഇത്രയും വിസ്തരിച്ചെഴുതിയത് എല്ലാടവുമുള്ള സഹോദരിമാർ ഒന്ന് ഉണരേണ്ടതിന്നും, തങ്ങളാലാവതു പ്രവർത്തിക്കേണ്ടതിനും മാത്രമാകുന്നു.

## ആന്ധ്രാപ്രദേശിൽ ദളിത് ക്രിസ്ത്യാനിയ്ക്ക് തടവുശിക്ഷ

**ഹൈദരാബാദ്:** ആന്ധ്രാപ്രദേശിലെ കമ്മം ജില്ലയിൽ സുവിശേഷയോഗത്തിന്റെ പ്രചരണത്തിന്റെ ഭാഗമായി നോട്ടീസും പോസ്റ്ററുകളും പതിക്കുകയായിരുന്ന ദളിത് യുവാവിനെ അകാരണമായി ജയിലിലടച്ചു. ക്രിമിനൽകുറ്റം ആരോപിച്ചായിരുന്നു അറസ്റ്റും തുടർനടപടികളും. മൂന്ന് വർഷത്തെ തടവിനാണ് ഇദ്ദേഹത്തെ ശിക്ഷിച്ചിരിക്കുന്നത്. ജാമ്യം ലഭിക്കാത്ത വിധത്തിലുള്ള വകുപ്പ് പ്രകാരമാണ് കേസ് ചാർജ് ചെയ്തിരിക്കുന്നത്. ഈ സഹോദരന് എത്രയും വേഗം നീതി ലഭിക്കുന്നതിനുവേണ്ടിയും അദ്ദേഹത്തിന്റെ ഭാര്യയും രണ്ട് കുഞ്ഞുങ്ങളും അടങ്ങുന്ന കുടുംബത്തിനു വേണ്ടിയും ദൈവജനം പ്രാർത്ഥിക്കുക.

## സൗത്ത് വെസ്റ്റ് കോൺഫ്രൻസിനു പുതിയ ഭാരവാഹികൾ

**ഹൂസ്റ്റൺ:** സൗത്ത് വെസ്റ്റ് ബ്രദറൺ കോൺഫ്രൻസിന്റെ 2012-ലേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു. അലക്സാണ്ടർ ഡാനിയേൽ (സെക്രട്ടറി), മാത്യു വൈരമൺ (ട്രഷറർ), ജോൺസൺ ചെറിയാൻ (അസിസ്റ്റന്റ് ട്രഷറർ) എന്നിവരാണ് പുതിയ ഭാരവാഹികൾ. അടുത്ത കോൺഫ്രൻസ് ഹൺസ് വില്ലിലുള്ള സാം ഹൂസ്റ്റൺ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ വച്ചു ജൂൺ 8 മുതൽ 10വരെ നടക്കുന്നതാണ്. കോൺഫ്രൻസിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. അഡ്വ. മാത്യു വൈരമൺ

## ബി. സി. സി. എഫിന് ...

(2-ാം പേജിൽ നിന്നും തുടർച്ച)

3. "കാറു ചെല്ലാനുള്ള വീതിയിൽ മെയിൻ റോഡിൽ നിന്നു ഹാളിലേക്കു വഴി പ്രമാണത്തിൽ കാണിച്ചു നമുക്കു തരും" എന്നു ഞാനുൾപ്പെടെയുള്ള സഹോദരന്മാരെ തെറ്റിദ്ധരിപ്പിച്ചല്ലേ ഈ സ്ഥലം വാങ്ങിയതെന്ന് ദൈവത്തെ സാക്ഷിയാക്കി, ദൈവജനത്തിനു നടുവിൽ, ബൈബിൾ കൈയ്യിൽ വച്ച് ജോണിക്കുട്ടി ഒന്നു പറയട്ടെ. അസത്യം പറയാൻ മടിയില്ലാത്ത ഈ കക്ഷി അതിനും മുതിരുമോ എന്നു ഞാൻ ഭയക്കുന്നു.

4. 1/2 മീറ്റർ വഴി ഉണ്ടായിരുന്നപ്പോൾ തന്നെ എന്റെ വസ്തുവിലൂടെയാണ് ഹാളിലേക്കു പോക്കുവരവുണ്ടായിരുന്നത്. ഗുരുതരമായ പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ ജോണിക്കുട്ടിയുമായി പിരിഞ്ഞ് കനകപ്പലം സഭാബന്ധത്തിൽ ഞാൻ ആയശേഷവും ഒരു വാക്കുകൊണ്ടു പോലും അതിനു തടസ്സം ആക്കിയിട്ടുമില്ല. എന്നാൽ, അദ്ദേഹത്തിന്റെ വീടുപണിക്ക് മണ്ണ് എടുത്തുകൊള്ളാൻ ഞാൻ കൊടുത്ത അനുവാദം മറയാക്കി ഞാൻ സ്ഥലത്തില്ലാത്ത സമയത്ത് എരുമേലി മെയിൻ റോഡിൽ നിന്ന് സഭാഹാളുവരെ കാറുപോകാനുള്ള വീതിയിൽ റോഡു വെട്ടുവാൻ കരാറു നൽകിയ ജെ.സി.ബി.യുമായി വന്ന് ജോണിക്കുട്ടിയും സംഘവും വസ്തു കയ്യേറുകയാണ് ഉണ്ടായത്. സംശയമുള്ളവർക്ക് ജെ.സി.ബി. ഉടമയുമായി നേരിട്ട് സംസാരിക്കാം. ഇത് സുതാര്യമായ ഒരു മണ്ണെടുപ്പായിരുന്നെങ്കിൽ, എന്റെ കുടുംബത്തിൽപ്പെട്ടവരുടെ സാന്നിദ്ധ്യത്തിൽ വേണ്ടിയിരുന്നില്ലേ അതു ചെയ്യുവാൻ.

ഈ സമയത്ത് എന്റെ 15 സെന്റ് സ്ഥലം വേലികെട്ടി സംരക്ഷിക്കുക മാത്രമാണ് ഞങ്ങൾ ചെയ്തത്. സഭാഹാളിലേക്കുള്ള 1/2 മീറ്റർ വഴി ആരും ഇന്നുവരെ അടച്ചിട്ടില്ല. ഞങ്ങൾ കെട്ടിയ വേലിയും വേലിക്കല്ലുകളും രാത്രിക്കു രാത്രി ജോണിക്കുട്ടിയും സംഘവും തകർത്തു. ഇതു സുവിശേഷവേലയോ ഗുണ്ടാപണിയോ?

5. ഒരു പൊതു ആരാധന സ്ഥലത്തേയ്ക്കുള്ള നിയമപ്രകാരമുള്ള വഴി അടച്ചിട്ട് ഈ സൗദി അറേബ്യയിൽ എനിക്ക് ജോലി ചെയ്യുവാൻ കഴിയുമോ?

6. ഈ സാഹചര്യങ്ങളെല്ലാം വച്ചു സഹോദരന്മാർ വിധി എഴുതുക. സഭാഹാളിലേക്കുള്ള 1/2 മീറ്റർ വഴി തുറന്നുകിടക്കുമ്പോൾ തന്നേ ഈ സഭാഹാൾ പൂട്ടിക്കിടക്കുന്നതിന്റെ ഓരേയൊരു കാരണക്കാരൻ സി.റ്റി. ജോണിക്കുട്ടി തന്നേ.

ദയവുചെയ്ത് നിരപരാധികളെ ക്രൂശിക്കാതെ എരുമേലി സഭാഹാളും വഴിയും സംബന്ധിച്ച് എന്തെങ്കിലും അറിയാനുണ്ടെങ്കിൽ 00966503968162 എന്ന നമ്പരിൽ എന്നെ നേരിട്ട് വിളിച്ച് അന്വേഷിക്കുക. ജോണിക്കുട്ടി സുവിശേഷകനായി ഇരിക്കുന്ന ഈ ഹാളിലേക്ക് എന്റെ വസ്തുവിലൂടെ ഞാൻ സ്ഥലം നൽകുകയില്ല. അതിന് ഒന്നല്ല, ഓരുപാട് കാരണങ്ങളുണ്ട്. അവയൊക്കെ ഇവിടെ പകർത്താൻ എന്റെ സംസ്കാരം എന്നെ അനുവദിക്കുന്നില്ല.

**ജയിംസ് തോമസ്**
**സൗദി അറേബ്യ**



REGISTERED
Reg. No. 2893/86/M7
Postal Reg. No. KL / TLA / 89 / 2009 -2011
Licence to post Wpp Licence No. KL / TLA/ WPP- 132/ 09-11
Posted On 14th & 29th every month at RMS Thiruvalla

# JEEVA VACHANAM
## Fortnightly

"നിന്റെ വചനം എന്റെ കാലിന് ദീപവും എന്റെ പാതയ്ക്ക് പ്രകാശവും ആകുന്നു" (സങ്കീർത്തനം 119:105)

JEEVA VACHANAM
SATHYAM MINISTRIES
THOTTABHAGOM P.O.,
THIRUVALLA-689 541, KERALA(S) INDIA
Tele/Fax 0469-2619209, 2619005, 2619657
Mobile: 9447126182, 9446026182
E-mail: office@truthintl.org
web site: www.truthintl.org
Toll free # 1-800-425-1211

## ജോർജ് മാത്യുവിന് അവാർഡ്


ജോർജ് മാത്യു

**ടൊറോന്റോ:** ബിസിനസിനോടൊപ്പം ആത്മീക പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന ബ്രദ. ജോർജ് മാത്യു കാനഡാ, ലോക മലയാളി ബ്രദറൺ വിശ്വാസികൾക്ക് സുപരിചിതനാണ്. ടൊറോന്റോ ബ്രദറൺ സഭാമൂപ്പനും ഫിബാ കോൺഫ്രൻസിന്റെ ചെയർമാനുമായ പ്രിയ സഹോദരൻ സുവിശേഷ പ്രവർത്തനങ്ങൾക്ക് ഉത്സാഹം പകരുന്നതിൽ പ്രഗത്ഭനാണ്. അമേകാൻ ഇൻകോർപെററ്റ് (Amecan Inc.) പ്രസിഡന്റ് ജോർജ് മാത്യുവിന് 2012 ലെ ഹിന്ദ് രത്തൻ അവാർഡിന് അർഹനായി. തന്റെ അസാധാരണ വൈദഗ്ദ്യം മൂലമാണ് ഈ അവാർഡിന് അർഹനായത്. വളരെ ചുരുക്കം പേർക്ക് മാത്രം ലഭിക്കുന്ന അവാർഡാണ് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

സൗദി അറേബ്യയിലും കാനഡയിലും സമൂഹത്തിന് വേണ്ടി താൻ നടത്തിയ സേവനത്തിനാണ് ഈ അവാർഡ് ലഭിച്ചത്. തന്റെ മികച്ച സേവനത്തിന് കാനഡ, ഇന്ത്യ തുടങ്ങിയ രാജ്യങ്ങളിലെ വിവിധ അവാർഡുകൾക്ക് അർഹനായിട്ടുണ്ട്. 2012 ജനുവരി 26ന് റിപ്പബ്ലിക്ക് ദിനത്തോടനുബന്ധിച്ച് അവാർഡ് വിതരണം ചെയ്യും. ആത്മാർത്ഥത, സാഹോദര്യം, സ്നേഹം, എന്നിവയെ അടിസ്ഥാനമാക്കിയാണദ്ദേഹം പ്രവർത്തിക്കുന്നത്.

## റാന്നി കൺവൻഷൻ സമാപിച്ചു


റാന്നി ബ്രദറൺ കൺവൻഷനിൽ ബ്രദ. സ്റ്റീഫൻ ചെറിയാൻ വചനശുശ്രൂഷ നിർവ്വഹിക്കുന്നു

റാന്നിയിലും പരിസരപ്രദേശങ്ങളിലുമുള്ള 22 പ്രാദേശിക സഭകളുടെ സംയുക്ത സംരംഭമായ റാന്നി ബ്രദറൺ കൺവൻഷൻ. നവംബർ 29 മുതൽ ഡിസംബർ 4 വരെ റാന്നി ബ്രദറൺ ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെട്ടു. ഈ പ്രാവശ്യവും ഈ ആത്മീക ശുശ്രൂഷ ഭംഗിയായി പര്യവസാനിക്കുവാൻ ദൈവം കൃപ നൽകി. കർത്തൃദാസന്മാരായ ചാൾസ് ജോൺ, സ്റ്റീഫൻ ചെറിയാൻ, ജോൺ കുര്യൻ, വർഗീസ് കുര്യൻ ചാണ്ടപ്പിള്ള ഫിലിപ്പ് എന്നിവർ വചനശുശ്രൂഷ നിർവ്വഹിച്ചു. അനുഗ്രഹീത ഗായകർ ജോസ്‌ലിയും, ജോൺലിയും സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

വിശദമായ റിപ്പോർട്ട് പേജ് 10ൽ

## തുറക്കേണ്ട വാതിലുകൾ 2

# കല്ലിശ്ശേരി രഹബോത്ത് സഭാഹാൾ


18 വർഷമായി അടഞ്ഞു കിടക്കുന്ന കല്ലിശ്ശേരി രഹബോത്ത് ബ്രദറൺ സഭാഹാൾ

കല്ലിശേരി ബ്രദറൺ സഭാഹാൾ ബ്രദറൺ സമൂഹത്തിന് നല്ല വിളവേകിയ മണ്ണാണ് കല്ലിശേരിയും ചുറ്റുപാടും. നഗ്നപാതരായി സുവിശേഷവിത്തെറിഞ്ഞ കുമ്പനാട്ടച്ചായൻ സഹിതമുള്ള നമ്മുടെ പിതാമഹന്മാരുടെ പാദസ്പർശമേറ്റ മണ്ണ്. ബ്രദറൺ സഭാചരിത്രത്തിൽ കല്ലിശേരിയ്ക്ക് അദ്വൈദിയ സ്ഥാനമാണുള്ളത്. നമ്മുടെ നമ്മുടെ സഭകളുടെ വളർച്ചയ്ക്കും നിലനിൽപ്പിനും ഈ മേഖലയിലെ സഭകളുടെയും സഹോദരി സഹോദരന്മാരുടെയും സാന്നിധ്യത്തിലും സമ്പത്തിനും നിർണ്ണായക പങ്കാണുള്ളത്.

എന്നാൽ കല്ലിശേരിയുടെ ഹൃദയഭാഗത്ത് 18 വർഷമായി നമ്മുടെ ഒരു സഭാഹാൾ അടഞ്ഞുകിടക്കുന്ന രഹബോത്ത് (ദൈവം വർദ്ധിപ്പിക്കും) ബ്രദറൺ അസംബ്ലിഹാളാണ് നമുക്ക് അപമാനമായി പൂട്ടപ്പെട്ടിരിക്കുന്നത്. അകാരണമായി കൊടുത്ത ഒരു "മുടക്ക് കത്തു"മായി ബന്ധപ്പെട്ടാണ് ഇതിന്റെ പ്രശ്നതുടക്കം എന്നാണ് അറിയാൻ കഴിഞ്ഞത്. പിന്നീടത് തെറ്റാണെന്ന് ബോദ്ധ്യമായിട്ടും താഴാൻ കഴിയാത്ത ചില സഹോദരന്മാരുടെ ബാലിശമായ ഈഗോയാണ് ഈ ഹാളിനെ ഇത്രയും പഴക്കമേറിയ "നിന്ദാസ്മാരക'കമാക്കിയത്.

ഈ പ്രശ്നത്തിൽ ബന്ധപ്പെട്ടവർ എല്ലാം ചുറ്റുപാടുമുള്ള സഭകളിൽ കൂട്ടായ്മ ആചരിച്ചും, അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും വിവിധ കമ്മറ്റി താലപ്പത്തിരുന്നും പോരുമ്പോൾ; കർത്താവിന്റെ തിരുമാറിലേറ്റ ഈ മുറിവ് ഇന്നും ചോരവാർന്നുകൊണ്ടിരിക്കുന്നു. തവ മുഖത്തേറ്റ തുപ്പൽ ഉണങ്ങാതിരിക്കുന്നു. നാം ആ ശിരസിൽ വച്ച മുൾകിരീടം ഇന്നും അവനെ കുത്തികൊണ്ടിരിക്കുന്നു. കടന്നുപോകുന്നവർ തലകുലുക്കി ചിരിക്കുന്നു.

നിദ്രയിൽ ആണ്ടു പോകുന്നതിന് മുമ്പായി ഇവിടെ കെട്ടിയ കുരുക്കുകളൊക്കെ അഴിച്ചിരുന്നെങ്കിൽ! താഴാനും ക്ഷമിക്കാനും കഴിഞ്ഞിരുന്നെങ്കിൽ–വലിയവർക്കേ താഴാൻ കഴിയൂ, കുറ്റവിമുക്തർക്കെ ക്ഷമിക്കാൻ കഴിയൂ. വിശാലർക്കേ ഉൾക്കൊള്ളാൻ കഴിയൂ.

ഇത് ഒരു കുറ്റവിചാരണയല്ല, കുമ്പസാരത്തിനുള്ള ആഹ്വാനമാണ്. ഇത് ഒരു തേജോവധമല്ല, തേജസ്സിലായുള്ള ഒരുക്കലാണ്. ഇത് ഒരു പ്രതിസന്ധിയല്ല, പ്രതിവിധിയാണ്. ഈ പംക്തി ബന്ധപ്പെട്ടവരിൽ ആണുവെങ്കിലും വേദനിപ്പിച്ചില്ലെങ്കിൽ ഞങ്ങളുടെ ദൗത്യം ഫലിച്ചു. ആരെങ്കിലും ഹൃദയം കഠിനമാക്കിയാൽ മാനസാന്തരപ്പെടാനുള്ള പ്രവാചക ശബ്ദമായി കരുതുക. ലോകമെങ്ങുമുള്ള വിശ്വാസികൾ പ്രാർത്ഥിക്കുന്നു. (പ്രാർത്ഥിക്കണം). അടക്കപ്പെട്ട സഭാഹാളുകൾ തുറക്കുക, അല്ലെങ്കിൽ പൊളിച്ചു മാറ്റുക. ഇതിന് തയ്യാറല്ലാത്തവരുടെ വിവരങ്ങൾ ഞങ്ങൾക്ക് തന്ന് സഹായിക്കുക.

Mob. 9447126182

## വിൽക്കാനുണ്ട്; മൂടുപടം!


സഹോദരിമാർക്ക് ശിരോവസ്ത്രവുമായി

**റാന്നി:** പതിമൂന്നോ, പതിനാലോ വയസ് പ്രായെ തോന്നിക്കുന്ന ഒരു ബാലൻ, അകലെ തെളിഞ്ഞു നിൽക്കുന്ന വൈദ്യുതി വെളിച്ചത്തിൽ ഏകനായി ഒരു കച്ചവടം നടത്തുകയാണീ കൊച്ചുമിടുക്കൻ. വില്പ്പന വസ്തു നമ്മുടെ സഹോദരിമാർക്ക് ധരിക്കാനുള്ള ശിരോവസ്ത്രം അഥവാ മൂടുപടം. റാന്നി സീയോൻ കുന്ന് ബ്രദറൺ കൺവൻഷൻ ഓഡിറ്റോറിയാങ്കണമാണ് അവന്റെ തട്ടകം. കൺവൻഷൻ പ്രസംഗം കേൾക്കാൻ എത്തുന്ന നമ്മുടെ സഹോദരിമാരെ മാടിവിളിച്ചു നിർത്തി ശിരോവസ്ത്രമായി ധരിക്കാനുള്ള നെറ്റ് വില്ക്കുകയാണവൻ. ഒന്നിന്റെ വില ഇരുപത്തിയഞ്ച് രൂപ. വെളുപ്പും കറുപ്പും വർണ്ണങ്ങളിൽ ലഭ്യമാണ്. ഏതായാലും നമ്മുടെ സഹോദരിമാരെല്ലാം അവനോട് നന്നായി സഹകരിച്ചു, ധാരാളം നെറ്റുകൾ വിറ്റു എന്നാണ് അവൻ പറഞ്ഞത്. മൂടുപടം വിൽക്കാനുള്ള അവന്റെ ഉത്സാഹം കണ്ടപ്പോൾ, ഒരൊറ്റ സഹോദരിമാർ പോലും മൂടുപടമിടാതെ ദൈവസന്നിധിയിൽ ഇരിക്കരുതെന്ന് ബ്രദറൺകാരനല്ലാത്ത ഈ ബാലന് നിർബന്ധമുണ്ടെന്ന് തോന്നി പോകും. ഏതായാലും മൂടുപടമിടാത്ത ഒറ്റ സഹോദരിമാർ പോലും ആ യോഗത്തിൽ ഉണ്ടായിരുന്നില്ല. ആകാശം കാണിയായ ഈ 'വലതുണ്ടി"നെ മൂടുപടമായി കരുതുവോ, ആവോ?

## സത്യം പബ്ലിക്കേഷൻസ്

### ഇംഗ്ലീഷ് - മലയാളം പാട്ട് പുസ്തകം

ആത്മീയ ഗാനങ്ങൾ 1001 പാട്ടുകൾ

പുതിയ പതിപ്പ് പ്രസിദ്ധീകരിച്ചു

Malayalam Hymns with English Transliteration

പ്രത്യേകതകൾ
- ഇംഗ്ലീഷ് ഭാഷയിൽ ലിപ്യന്തരം ചെയ്തത്
- മലയാള ഭാഷ വശമില്ലാത്ത പുതുതലമുറയ്ക്ക് പ്രയോജനപ്രദം
- 1001 ക്രൈസ്തവ മലയാള ഗാനങ്ങളുടെ സമാഹാരം
- സഭയിലും കുടുംബ പ്രാർത്ഥനകൾക്കും ഉപയോഗിക്കാൻ ഉത്തമം
- വ്യത്യസ്ഥ അവസരങ്ങളിൽ ഉപയോഗിക്കാൻ ഉതകും വിധം തയാറാക്കിയത്
- കഠിന പദങ്ങൾക്ക് ഉള്ള വിവരണം




Ordinary Edition വില 200
Slim Edition വില 300

സഭകൾക്ക് വിലയിൽ പ്രത്യേക ഇളവ്.

For more informations:
SATHYAM PUBLICATIONS
Thottabhagom P.O, Thiruvalla-689541, Kerala, India,
(M): +91 9446026182,
Toll Free # 1-800-425-1211
Email: sales@truthintl.org,
Website: www.truthintl.org

Printed, Published and Owned by C.V. Vadavana, Sathyam Publications, Tiruvalla, Printed at Sathyam Press. Published at Sathyam Publications, Tiruvalla. Editor: C.V. Vadavana.